# കൈവിടാതെ അഫ്ഗാനിസ്ഥാൻ

ന്നു. കഴിഞ്ഞ മൂന്നുമാസത്തിനിടെ ഉണ്ടായ ചാവേർ ആക്രമണങ്ങൾ സമാധാനപ്രതീക്ഷകൾക്കു മങ്ങലേല്പ്പിച്ചു എങ്കിലും അഫ്ഗാനിലെ നിലവിലുള്ള സാമൂഹ്യ, ആരോഗ്യ, വിദ്യാഭ്യാസ, സാമ്പത്തിക മേഖലകളിലെ ഉണർവു പ്രതീക്ഷാവഹം തന്നെ.

## സാമൂഹികം

2001ൽ താലിബാൻ ഭരണകൂടം തകർന്നു. അതിനു പിന്നാലെ, രാജ്യത്തുനിന്നു പലായനം ചെയ്തിരുന്ന അമ്പതുലക്ഷത്തോളം അഫ്ഗാൻകാർ തിരിച്ചെത്തി. മുപ്പതുലക്ഷത്തോളം പേർ വിവിധ രാജ്യങ്ങളിൽ



*അഹമ്മദ് വാലി കർസായി*

ഇപ്പോഴും പ്രവാസികളാണ്. രാജ്യത്തു സുരക്ഷയും പുരോഗതിയുമുണ്ടായാൽ തിരികെയെത്താൻ ഇവരും തയ്യാറാകും.

## ആരോഗ്യം

ശരാശരി ആയുർദൈർഘ്യം 44. അഞ്ചുവയസ്സിൽ താഴെയുള്ള അഞ്ചിലൊന്നു കുട്ടികൾ അനാരോഗ്യം മൂലം മരണപ്പെടുന്നു. പ്രസവമരണനിരക്ക് 1000ന് 20. ശുദ്ധജലക്ഷാമം, ശുചീകരണ സംവിധാനങ്ങളുടെ അഭാവം, പകർച്ചവ്യാധികൾ, പോഷകാഹാരക്കുറവ്, പട്ടിണി എന്നിവ മൂലം ദശലക്ഷക്കണക്കിനു ജനങ്ങൾ അനാരോഗ്യത്തിന്റെ പിടിയിൽ. എന്നാൽ, ഇതിൽ നിന്നുള്ള പടിപടിയായ കരകയറ്റം രാജ്യത്തു ദൃശ്യമാണ്.

## വിദ്യാഭ്യാസം

42 ലക്ഷം കുട്ടികൾക്കു സ്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കി. ഇതിൽ 35 ശതമാനം പെൺകുട്ടികളാണ്. താലിബാൻ, പെൺകുട്ടികൾക്കു പഠനവിലക്ക് ഏർപ്പെടുത്തിയിരുന്നു. എന്നാൽ, പെൺകുട്ടികളടക്കം കൂടുതൽ കുട്ടികളെ സ്കൂളുകളിലേക്കെത്തിക്കാനും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്താനുമുള്ള ശ്രമങ്ങൾ രാജ്യത്തു



*ബർഹാനുദ്ദീൻ റബ്ബാനി*



*ബർഹാനുദ്ദീൻ റബ്ബാനിയും ഹമീദ് കർസായിയും.*

വിജയകരമായി മുന്നേറുകയാണെന്നാണു യുണിസെഫ് അടക്കമുള്ള ഏജൻസികളുടെ വിലയിരുത്തൽ.

## സാമ്പത്തികം

കഴിഞ്ഞ ആറുവർഷങ്ങളായി 12 ശതമാനത്തോളം വാർഷികവളർച്ചാനിരക്കു രേഖപ്പെടുത്തുന്നു. മുക്കാൽ ഭാഗത്തോളം ജനങ്ങളും കാർഷിക മേഖലയെ ആശ്രയിക്കുന്നു. സമീപകാലത്തുണ്ടായ വരൾച്ച മൂലം പ്രധാന വിളകളായ ചോളം, അരി, ബാർലി, ഗോതമ്പ്, പച്ചക്കറി, പഴവർഗങ്ങൾ എന്നിവയുടെ ഉത്പാദനത്തിൽ വൻ ഇടിവുണ്ടായെങ്കിലും കൃഷിഭൂമിയുടെ വിസ്തൃതിയിൽ വർധനവുണ്ടായിട്ടുണ്ട്.

# ദൈവത്തിന്റെ ഭാഷ മനുഷ്യരുടെയും

**വി. പി. ജോൺസ്**

**ദൈ**വത്തിന്റെ ഭാഷ തിരിച്ചറിയാൻ കഴിയാത്തവർ മനുഷ്യരുടെ ഭാഷയും തിരിച്ചറിയാൻ വശമില്ലാത്തവരാണ്. എണ്ണിയാലൊടുങ്ങാത്ത എണ്ണവിളക്കുകൾ ഉജ്ജ്വല ശോഭയോടെ എരിഞ്ഞുകൊണ്ടിരിക്കുന്നു. പക്ഷേ, എരിഞ്ഞു തീരുമ്പോൾ തിരികൾ അണഞ്ഞുപോവുക സ്വാഭാവികം. അപ്പോൾ കരിന്തിരിയുടെ മണം അന്തരീക്ഷമാകെ വ്യാപിക്കും. അതൊരു കാവ്യനീതി.

ഗതകാല സമുദ്രങ്ങളിലെ ഓളവിഭ്രമങ്ങളിലായിരുന്നു അയാൾക്കു കമ്പം. കൗതുകവും ഭ്രമവും. അവൾക്കാകട്ടെ മറിച്ചും. വഴിവിളക്കുകൾക്കുമുണ്ടു നിലവിളക്കിന്റെ സൗന്ദര്യം. ഇപ്പോൾ ഇരുവരുടെയും മിഴിയിടങ്ങളിൽ ബാഷ്പകണങ്ങൾ ഉരുണ്ടുകൂടുന്നതു കാണാം. കാറ്റു കരളുകളെ പൊതിയുന്നു.

കൃപാനിധികളായ ചില ധനാഢ്യരുടെ ദാനവർഷം സ്വീകരിച്ചുകൊണ്ടാണ് ഇക്കണ്ട കാലം അവർ കഴിച്ചുകൂട്ടിയത്. ഇനി അതൊരു നിഷ്ഫലാഭിലാഷമാകും. ദാനധർമങ്ങൾ പാപ പരിഹാരത്തിനുതകും എന്ന തിരിച്ചറിവ് ഇപ്പോൾ പലർക്കുമുണ്ടാകുന്നില്ല.

വിവാഹം കഴിഞ്ഞിട്ടു വർഷങ്ങൾ അനവധി കഴിഞ്ഞു. മാതാപിതാക്കളായി അറിയപ്പെടാനുള്ള കൃപാവരം ഇതുവരെ അവർക്കു ലഭിക്കുകയുണ്ടായിട്ടില്ല. മരിയയുടെ ചെടി പൂത്തിട്ടില്ല. ദൈവത്തിന്റെ വഴികൾ ആർക്കു കണ്ടുപിടിക്കാൻ കഴിയും? അത്ഭുതങ്ങളുടെ താഴ്‌വാരങ്ങൾ പലേടവും പൂക്കുന്നുണ്ട് പൂമരങ്ങൾ. വിസ്മയത്തിന്റെ പ്രാവുകൾ വായുവിലൂടെ നിരനിരയായി പറന്നുപോകുന്നുമുണ്ട്.

ശയനമുറിയിൽ അരങ്ങുതൂക്കിയിട്ടതു മാതിരി നിറയെ ചിലന്തിവലകൾ. മനം മടുപ്പിക്കുന്ന ദൃശ്യങ്ങൾ. ചിലപ്പോൾ സമുദ്രത്തിൽ നിന്നും ഒരു ചെല്ലച്ചെറുകാറ്റ് ഓടിക്കിതച്ചും പറന്നും പാറിയും മുറിക്കകത്തേക്കു തക്കം പോലെ വന്നെന്നിരിക്കും.

രാത്രികാലങ്ങളിൽ സഖരിയാവിന്റെയും മരിയയുടെയും ശരീരോഷ്മാവ് അസമം വർധിച്ചുകൊണ്ടേയിരിക്കും. മഴ പെയ്തിറങ്ങുമ്പോൾ പോലും ഉഷ്ണം ശമിക്കുന്നില്ല.

രാവിന്റെ രൂക്ഷഗന്ധം പ്രഭാതത്തിന്റെ ഇടവേളകളിലും ശയനമുറിയെ ആർഭാടത്തോടെ അലങ്കരിച്ചു പോന്നു. സ്വകാര്യതയെ പതിയെ അലോസരപ്പെടുത്തുമെങ്കിലും ദമ്പതികൾ സഹർഷം അതിനെ എതിരേറ്റു പോന്നു.

ചില രുചിഭേദങ്ങൾ അവർ ആനന്ദത്തോടും നിറഞ്ഞ മനസ്സോടും കൂടി നുണഞ്ഞുരസിക്കുകയും ചെയ്തു. എല്ലാ അനിഷ്ടങ്ങളെയും ആവാഹിക്കാനുള്ള മുന്നൊരുക്കമാവാം.

ഇന്നലെ ചില വിസ്മയരഹസ്യങ്ങൾ സംഭവിച്ചു കഴിഞ്ഞിരിക്കുന്നു, മരിയ. നീ കേൾക്കുന്നില്ലേ മരിയ?

സഖരിയാവ് പറഞ്ഞു.

ഉം.... ഉം... പിന്നെ.... പിന്നെ...... ? പറയൂ ഡാർലിങ്. മരിയ നേർത്ത സ്വരത്തിൽ പ്രതിവചിക്കുന്നു.അലസം. എന്നാൽ, സഖരിയാവിനു അക്കാര്യം തിട്ടമായിട്ടറിയാം. മരിയ വെറുതെ മൂളിത്തരികയാണ്. പ്രാണവല്ലഭനെ പിണക്കാതിരിക്കാൻ വേണ്ടി മാത്രം.

സത്യമായും മരിയ അതൊന്നും അനുഭവിച്ചിരിക്കാനിടയില്ല. കർത്താവിന്റെ കണ്ണുകൾ എല്ലാം കാണുന്നുണ്ടല്ലോ. സ്വപ്നങ്ങൾ മനസ്സിന്റെ ഉന്മാദങ്ങളാണ്. നീറിപ്പിടയുന്ന ആത്മാവിന്റെ ചർമങ്ങളിൽ തേൻതുള്ളികൾ ഇറ്റിറ്റു വീഴ്ത്താൻ അവ പര്യാപ്തമായേക്കാം. ചില വേള ഉപ്പിന്റെ പരലുകൾ ഹൃദയത്തിന്റെ മുറിവുകളിൽ നീറ്റൽ നിർമിക്കുകയുമാവാം.

മരിയ പൊടുന്നനെ വീണ്ടും നിദ്രയുടെ തടാകങ്ങളിലേക്കു ഇറങ്ങി നടന്നു.

പ്രിയയുടെ കവിൾത്തടങ്ങളിൽ വാത്സല്യമസൃണം സഖരിയാവിന്റെ കൈവിരലുകൾ സഞ്ചരിക്കും.

എന്റെ പാവം മരിയ. സഖരിയാവിന്റെ ഉള്ളു ചുടുന്നു. ഇക്ഷണം കണ്ണുമിഴിക്കുകയാണു മരിയ.

ഇതാ നോക്കൂ മരിയേ സ്നേഹകാന്തിപ്പൂവിന്റെ തീഷ്ണഗന്ധം നാസാരന്ധ്രങ്ങളിലേക്കു കൊടുങ്കാറ്റിന്റെ കരുത്തും ഗതിവേഗവുമായി നടന്നു കടന്നുവരുന്നതു

നദിയുടെ കവിൾത്തടങ്ങളിലേക്കു ദയാരഹിതം വലിച്ചെറിയപ്പെടുന്ന അചേതന ഉടലുകളിൽ സ്നേഹപുരസ്സരം ചാർത്തിവിടുന്ന ചന്ദനവും മലരുകളും. നദിയെന്നൊക്കെ വമ്പു പറയുന്നത് എത്ര നിരർത്ഥകം. വിശുദ്ധ നദിയെന്നൊക്കെയാവാം പാഠപുസ്തകങ്ങളിൽ അതിനു പേര്. ഇപ്പോൾ അതിന്റെ കരയിലെത്തിപ്പെട്ടാൽ മനം പിരട്ടലും ഛർദിയുമൊക്കെ ഉണ്ടായില്ലെങ്കിലേ അത്ഭുതമുള്ളൂ. നദി ഇപ്പോൾ പടുകൂറ്റൻ അഴുക്കുചാലാണ്. കാണുമ്പോൾ കണ്ണു നിറയും. എന്നാൽ, അതിനു യാതൊരുവിധ സങ്കടങ്ങളുമില്ല. അവിരാമം ചലിച്ചുകൊണ്ടേയിരിക്കുന്ന ഒരു മാലിന്യമല. കടൽ എങ്ങനെയാണ് ഈ സുന്ദരിയെ ആലിംഗനം ചെയ്യുക?

കണ്ടോ?

മരിയ അർദ്ധമയക്കത്തിൽ പിറുപിറുക്കുന്നു. ഓ... എനിക്കറിയില്ല അതിന്റെ ഗന്ധവും രുചിയുമൊന്നും. വഴിയമ്പലങ്ങളിലെ രാവുകൾ നക്ഷത്രരഹിതങ്ങളാണ്.

മരിയ പിന്നെയും നിദ്രയുടെ പടവുകളിൽ. അവൾ പറയുന്നതു നേരു തന്നെയായിരിക്കും .സഖരിയാവു വിചാരിച്ചു.

നദിയുടെ കവിൾത്തടങ്ങളിലേക്കു ദയാരഹിതം വലിച്ചെറിയപ്പെടുന്ന അചേതന ഉടലുകളിൽ സ്നേഹ പുരസ്സരം ചാർത്തിവിടുന്ന ചന്ദനവും മലരുകളും. നദിയെന്നൊക്കെ വമ്പു പറയുന്നത് എത്ര നിരർത്ഥകം. വിശുദ്ധനദിയെന്നൊക്കെയാവാം പാഠപുസ്തകങ്ങളിൽ അതിനു പേര്. ഇപ്പോൾ അതിന്റെ കരയിലെത്തിപ്പെട്ടാൽ മനം പിരട്ടലും ഛർദിയുമൊക്കെ ഉണ്ടായില്ലെങ്കിലേ അത്ഭുതമുള്ളൂ. നദി ഇപ്പോൾ പടുകൂറ്റൻ അഴുക്കുചാലാണ്. കാണുമ്പോൾ കണ്ണു നിറയും. എന്നാൽ, അതിനു യാതൊരുവിധ സങ്കടങ്ങളുമില്ല. അവിരാമം ചലിച്ചുകൊണ്ടേയിരിക്കുന്ന ഒരു മാലിന്യമല. കടൽ എങ്ങനെയാണ് ഈ സുന്ദരിയെ ആലിംഗനം ചെയ്യുക?

പണ്ടത്തെ ആളുകൾ അതിനെ ദേവതുല്യം ആരാധിക്കുകയും പരിസരങ്ങൾ സസൂക്ഷ്മം വെടിപ്പാക്കി പരിരക്ഷിക്കുകയും ചെയ്തിരുന്നുവത്രെ. അതിന്റെ തീരങ്ങളിൽ വെളിക്കിരിയ്ക്കാൻ പോലും അറയ്ക്കും ഇന്ന്. അത്രയ്ക്കു വെടിപ്പുകേടാണ്.

സഖരിയാവു സമുദ്രത്തെയും പുഴയേയും മനസ്സിനുള്ളിലൊതുക്കി സാഹസികമായി താരതമ്യം ചെയ്തു. അനന്തരം സഖരിയാവു മരിയയിലേക്കു കണ്ണുകൾ തിരിച്ചു പിടിച്ചു.

മരിയ ഗാഢമായ ഉറക്കത്തിലാണ്. മരിയ പൊടുന്നനെ നിറനിലാവുപോലെ പുഞ്ചിരി തൂകുന്നു. സഖരിയാവിന്റെ ഹൃദയം ആനന്ദഭരിതം.

എന്തൊരു തുടുപ്പാണിപ്പോൾ മരിയയുടെ മുഖത്തിന്? എന്തൊരു ദിവ്യപ്രകാശം. അവളുടെ കാവൽദൂതൻ പ്രത്യക്ഷപ്പെട്ടിരിക്കുമോ? കർത്താവിന്റെ സ്നേഹദൂത് എന്തെങ്കിലും?

സഖരിയാവിന്റെ ആലോചനകളിലേക്കു മരിയുടെ മൃദുലസ്വരം പൊടുന്നനെ ചിറകടിച്ചെത്തുന്നു. മരിയ ശബ്ദമുയർത്തി:

ഏയ്, എന്റെ പ്രിയ ഭാജനമേ, നിങ്ങൾക്കിപ്പോൾ എല്ലാം മനസ്സിലായിക്കാണുമല്ലോ ഇല്ലേ? നദിയിൽ നിന്നുള്ള ആ ഗന്ധത്തിന്റെ വരവ്. പുഴക്കരയിൽ നീണ്ടുനിവർന്നങ്ങനെ ശയിക്കുന്നു. ചതുപ്പിൽ നിന്നാണതു പുറപ്പെടുന്നത്! കാളപെറ്റെന്നു കേൾക്കുമ്പോഴേക്കും കയറെടുത്തുപായുന്ന കൂട്ടരല്ലേ നിങ്ങളിയാണുങ്ങൾ?

മരിയ നിഷ്കളങ്കമായി പുഞ്ചിരി തൂകി.

ക്ഷണവേഗം അഴുക്കും ചെളിയും ആലസ്യവും പുരണ്ട നാറ്റം നാസാരന്ധ്രങ്ങളിലൂടെ അവരുടെ ആത്മാവുകളിൽ പ്രവേശിച്ചു. ആത്മാവുകൾക്കു ശ്വാസം മുട്ടൽ അനുഭവപ്പെടാനും തുടങ്ങി. എല്ലാ ബുദ്ധിമുട്ടുകളും പങ്കപ്പാടുകളും സഹിക്കാം. പക്ഷേ, ആത്മാവിനു ശ്വാസം മുട്ടുമ്പോൾ......? ദുർവ്വഹമായ കുരിശു ചുമക്കലാണത്.

അധരങ്ങൾ തുറന്ന് ഉള്ളിലെ വെറുപ്പും പകയും അഴുക്കും പുറത്തുചാടി. മരിയ പെട്ടെന്നു ഉണർച്ചയിലേക്കു പ്രവേശിച്ചു.

എന്റെ പരമമായ ജീവിതാഭിലാഷം ജീവനോടെ ഭൂമിയിൽ സംസ്കരിക്കപ്പെടുകയാണ്. ഭൂകമ്പം, പേമാരി, കൊടുങ്കാറ്റ് തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളുടെ ഉപാധിവഴി ജന്മം സഫലത കൈവരിച്ചാൽ മതിയായിരുന്നു. സഖരിയാവിന്റെ ഉള്ളു പിടഞ്ഞു, അതു കേട്ട മാത്രയിൽ.

മൃത്യുശയ്യയിൽ ശയിക്കുമ്പോലെ ഉള്ളാൽ ഭാവിച്ചാണു മരിയ അപ്രകാരം മൊഴിയുന്നത്. സഖരിയാവു മഴമേഘം പോലെ ശരശരാന്നു കണ്ണീർ ചൊരിഞ്ഞു. ആ സന്നിഗ്ധ ഘട്ടത്തിലും ഇരുവരും ചിത്രശലഭങ്ങളായി ആകാശച്ചെരുവുകളിലേക്കു പറന്നുപോയി. നിലാവിന്റെ അലകളിൽ ഊഞ്ഞാലാടി രസിക്കുകയും ചെയ്തു.

പിറ്റേന്നു രാവിലെ കാറ്റിനൊപ്പം കലഹിക്കാതെയിരുന്നു പ്രാതൽ കഴിക്കുകയായിരുന്നു വൃദ്ധദമ്പതികൾ ഇരുവരും. മിഴികളിൽ തലേന്നാളത്തെ നിദ്രാഭംഗത്തിന്റെ അലസത. മനസ്സിലെ തിക്തതയും വിഷാദവും ചുളിഞ്ഞ മുഖങ്ങളിൽ മറുകുകളായി കിടന്നു. കാർമേഘങ്ങൾ അലസം അലഞ്ഞു തിരിയുന്ന ആകാശഭിത്തി അവരുടെ ഓർമയിലേക്കിറങ്ങി വന്നു.



വറ്റാത്ത കിണറുപോലെ ഓർമകൾ. എന്നാൽ, ലഞ്ചും ഡിന്നറും എങ്ങനെ പാകം ചെയ്യേണ്ടൂ എന്ന ധർമസങ്കടത്തിലാണു മരിയ.

അടഞ്ഞുകിടക്കുന്ന വാതിലുകൾ ഭേദിച്ചും നാറ്റത്തിന്റെ രൂക്ഷത പാഞ്ഞുകയറി വരുന്നുണ്ട്. എങ്കിലും കുടലിനെ പ്രലോഭിപ്പിക്കുന്ന വിശപ്പിനെ നിശ്ശബ്ദം എതിരേറ്റുകൊണ്ടു സഖരിയാവ് ഉരിയാടി: അനപത്യനായ ഈ പടുവൃദ്ധനെ ജീവനോടെ കുഴിച്ചു മൂടുന്നത് ഒരു ഉപവികർമാനുഷ്ഠാനമായി നമ്മുടെ ഇടവകയിലെ പ്രിയപ്പെട്ട ചങ്ങാതിമാർ ധരിച്ചുകൂടെന്നില്ലല്ലോ? അല്ലേ? സന്തതികളില്ലാത്ത ഒരു വയസ്സൻ വിശ്വാസിയുടെ അന്ത്യാഭിലാഷം? അവർ അവഗണിച്ചു തള്ളുകയുണ്ടാവില്ലല്ലോ?

സഖരിയാവ് ശേഷം നിറകണ്ണുകളുമായി ഒരു ദീർഘനിശ്വാസത്തിന്റെ കിതപ്പിൽ ഉലഞ്ഞു. ഈറനണിഞ്ഞ മിഴികൾ ഭൂമിക്കു നിവേദ്യമാക്കി. ഹൃദയത്തിലെ നിലാവുമറഞ്ഞു.

കൊടുമുടി ശൃംഗത്തിൽ ഇപ്പോൾ വവ്വാലുകളുടെ ചിറകടികൾ മുഴങ്ങി. എന്നിട്ടും സ്വയം പിളരാതെയും പിടയാതെയും വിയർപ്പു തൂവാതെയും സഖരിയാവുവർത്തിച്ചു. അപ്രകാരം നിനക്കാരോടും അപേക്ഷിക്കാനാവില്ല മരിയ, ഈ സഖരിയാവ് ഉയിരോടെയിരിക്കുമ്പോൾ. സഖരിയാവിന്റെ സ്വരം ഇപ്പോൾ അതീവ ശാന്തമാണ്.

മരിയയുടെ നീലമിഴികൾ ഹിമബിന്ദുക്കളാൽ നിറഞ്ഞു. ദുഃഖാശ്രു പതിച്ചു സഖരിയാവിന്റെ മാർത്തടം വെന്തു.

ദീർഘ സുമംഗലിയായി നദീഹൃദയത്തിലേക്ക് ഒറ്റക്ക് ഇറങ്ങി ചെല്ലാനാണു ഞാൻ ഇച്ഛിച്ചു പോയത്. പക്ഷേ, നിങ്ങൾ അതിനു സമ്മതിക്കുകയില്ലെന്നല്ലേ ശാഠ്യം പിടിക്കുന്നത്? എന്റെ ജീവിതാഭിലാഷം നിങ്ങൾ നീർക്കുമിളയാക്കി തീർക്കുകയല്ലേ?

മരിയയുടെ തൊണ്ടയിടറി.

പക്ഷേ, സഖരിയാവു മരിയയെ തൊട്ടു മൂർദ്ധാവിൽ ചുംബിച്ചുകൊണ്ടു മൊഴിഞ്ഞു: ഞാനിപ്പോൾ എത്രമാത്രം സംതൃപ്തനാണെന്നറിയുമോ എന്റെ തങ്കത്തിന്? എന്റെ ഹൃദയം ആഹ്ളാദഭരിതമാണ്. ഹൃദയത്തിൽ നിന്നുയരുന്ന വാദ്യസംഗീതം കേൾക്കുന്നില്ലേ എന്റെ പ്രേമഭാജനം? നിന്നെ ഒറ്റക്കിവിടെ വിട്ടുപോകുന്നതിലേ സഖരിയാവിനു സങ്കടമുള്ളു.

സഖരിയാവു മന്ദസ്മിതം തൂകി.

സഖരിയാവിനു വിട നല്കൂ പ്രേമഭാജനമേ സഖരിയാവിന്റെ വൃദ്ധനേത്രങ്ങൾ തിളങ്ങി. പ്രകാശം അണഞ്ഞുപോകാത്ത ഏക അവയവം ദൃശ്യേന്ദ്രിയങ്ങൾ മാത്രം.

പൊടുന്നനെ സഖരിയാവ് ആത്മാഗതം കൊള്ളുന്നു. സന്ധികളെ ശമിക്കാത്ത നൊമ്പരം. അൾസറിന്റെ കഠിനപീഡയേറ്റ് അശാന്തമായ ഉദരം. ശിരോധമനികളെ നിരന്തരം വേട്ടയാടുന്ന തലവ്യാധി.

അനന്തരം സഖരിയാവ് മരിയയുടെ നരച്ചമുടിയിഴകളിൽ അരുമയോടെ വിരലുകൾ തെരുപ്പിടിച്ചു പറഞ്ഞു:

നീ എന്നത്തേയും കാൾ മനോഹരിയാണു മരിയ. മഞ്ജുളാംഗി. അതും പറഞ്ഞിട്ടു സഖരിയാവു സാവധാനം നദീഹൃദയത്തിലേക്കു ചുവടുകൾ വച്ചു:

മരിയയുടെ ഹൃദയം പിളരുന്നതു സഖരിയാവു കാണുന്നുണ്ടായിരുന്നില്ല. ഇനി മരിയയും..? മരിയ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

**മരിയയുടെ തൊണ്ടയിടറി. പക്ഷേ, സഖരിയാവു മരിയയെ തൊട്ടു മൂർദ്ധാവിൽ ചുംബിച്ചുകൊണ്ടു മൊഴിഞ്ഞു: ഞാനിപ്പോൾ എത്രമാത്രം സംതൃപ്തനാണെന്നറിയുമോ എന്റെ തങ്കത്തിന്? എന്റെ ഹൃദയം ആഹ്ളാദഭരിതമാണ്. ഹൃദയത്തിൽ നിന്നുയരുന്ന വാദ്യസംഗീതം കേൾക്കുന്നില്ലേ എന്റെ പ്രേമഭാജനം? നിന്നെ ഒറ്റക്കിവിടെ വിട്ടുപോകുന്നതിലേ സഖരിയാവിനു സങ്കടമുള്ളു.**

അറിയേണ്ടും കാര്യം

## പേരു വിളിക്കൂ; പാലുത്പാദനം വർധിപ്പിക്കൂ!



**'ഒ**രു പേരിലെന്തിരിക്കുന്നു' എന്ന ചരിത്രത്താളുകളിൽ ഇടംനേടിയ ആ ചോദ്യത്തിന്റെ സാംഗത്യം നഷ്ടപ്പെട്ടിരിക്കുന്നു. ഇംഗ്ലണ്ടിലെ ന്യൂകാസിൽ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് അഗ്രിക്കൾച്ചർ, ഫുഡ് ആന്റ് റൂറൽ ഡെവലപ്മെണ്ടിലെ ഗവേഷകർ, ഡോ. കാതറിൻ ഡെഗ്ലസിന്റെ നേതൃത്വത്തിൽ 516 ക്ഷീരകർഷകരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടു നടത്തിയ പഠന റിപ്പോർട്ടാണ് ഇതിനു വഴിവച്ചത്. ഫാമുകളിലെ ഓരോ കന്നുകാലിക്കും പേരുകൾ നല്കി അവയെ പ്രത്യേകമായി പരിചരിച്ചപ്പോഴാണു പാലുത്പാദനത്തിൽ ഗണ്യമായ വർധന രേഖപ്പെടുത്തിയത്. ടെന്നിസ് ഗിബ്ബ് തന്റെ ഫാമായ ഈച്ച് വിക്ക് റെഡ് ഹൗസ് ഫാമിൽ ഈ വിധത്തിൽ പശുക്കളെ പരിപാലിക്കുകയും അവയെ പേരു ചൊല്ലി പരിചരിക്കുകയും ചെയ്തപ്പോൾ പടിപടിയായി ഉണ്ടായ പാലുത്പാദന വർധന അൻപതു ശതമാനത്തിലധികമാണ്.

"അവർ വെറും വളർത്തു മൃഗങ്ങൾ അല്ല. മറിച്ച് എന്റെ കുടുംബത്തിന്റെ ഭാഗമായി അവരെ പരിഗണിക്കുന്നു. ഇത് അവരുടെ മാനസികവും ശാരീരികവുമായ ഉണർവിനും രോഗപ്രതിരോധ ശേഷിയുടെ വർധനയ്ക്കും കാരണമായി"- ടെന്നിസ് ഗിബ്ബ് സ്വന്തം ഫാമിലെ പശുക്കളെക്കുറിച്ചു പറയുന്നു. സ്നേഹപൂർണമായ പരിചരണവും പരമ്പരാഗതമായ മാർഗങ്ങളിൽ നിന്നും വ്യത്യസ്തമായി ഫാമുകളിലെ പശ്ചാത്തല സൗകര്യങ്ങളിൽ മാറ്റം വരുത്തിയും നമ്മുടെ നാട്ടിലെ തന്നെ അനേകം ക്ഷീരകർഷകർ ഗണ്യമായ ഉത്പാദനവർധനവ് നേടിയ വാർത്തകൾ നിരന്തരം വന്നുകൊണ്ടിരിക്കുന്നു. വൃത്തിയും വെടിപ്പുമുള്ളതായി ഫാമും പരിസരവും സൂക്ഷിക്കുക എന്നതു വളരെ പ്രാധാന്യമർഹിക്കുന്നു. കൂടാതെ ഉഷ്ണം ശമിപ്പിക്കുന്നതിനായി ഫാനുകളും സദാസമയവും വെള്ളം ലഭ്യമാക്കുന്നതിനുള്ള സംവിധാനവും ശ്രുതി സുന്ദരമായ സംഗീതവും കൂടിയായാൽ കേമമായി. ഇത്തരം പരീക്ഷണങ്ങളിലൂടെ ഈ രംഗത്തു വിജയം കൊയ്തവർ ഒട്ടനവധിയാണ്.

# ഉണ്ണിക്കുട്ടന്റെ ദുഃഖം

**കിളിരൂർ രാധാകൃഷ്ണൻ**



മാളക്കാരൻ സായിപ്പിനോട് ഒന്നു ചോദിക്കട്ടെ, താങ്കളുടെ അമ്മയോ വല്യമ്മച്ചിയോ മലയാളം പറഞ്ഞാൽ ശിക്ഷിക്കുമോ? വീട്ടിലെ കാര്യമല്ല. അവർ താങ്കളെ കാണാൻ സ്കൂളിലെത്തുന്നൂവെന്നു വിചാരിക്കുക. അപ്പോൾ, മോനേ ഇച്ചിരിവെള്ളം കുടിക്കണം എന്നുപറഞ്ഞുപോയാൽ ആയിരം രൂപ പിഴയിടുമോ? ഓ, സോറി അവർ വിദ്യാർത്ഥികളല്ലല്ലോ. വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുക എന്നതു മാത്രമാണല്ലോ താങ്കളെപ്പോലുള്ളവരുടെ ജീവിതലക്ഷ്യം.

മലയാളം ഔദ്യോഗിക ഭാഷയായി. മലയാളം സ്കൂളുകളിൽ നിർബന്ധിതമാക്കി. മലയാളം മഹാതിശയം എന്നു മഹാന്മാർ വിടാതെ പ്രസംഗിക്കുന്നുമുണ്ട്. എന്നിട്ടും പാവം മലയാളത്തിനു പീഡനം പേടിച്ചിട്ടു ചില വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മതിൽക്കെട്ടിനുള്ളിൽ പ്രവേശിച്ചുകൂടാ. മാളയിലെ ഒരു മഹാനായ പ്രിൻസിപ്പൽ ഈയിടെ മലയാളത്തെ പിടിച്ചു പരസ്യമായി പീഡിപ്പിച്ചു. പോരാഞ്ഞിട്ടു മലയാളത്തിനു വഴികാട്ടിയ 103 കുട്ടികൾക്കു തലയൊന്നിന് ആയിരം രൂപാ വീതം പിഴയും കല്പിച്ചു. മാധ്യമങ്ങൾ ചോദിച്ചപ്പോൾ തുക 250 ആണെന്നു തിരുത്തുകയും ചെയ്തു. എന്നിട്ടും ആ മഹാപാപി ഈ മലയാളനാട്ടിൽ മഹോന്നതപദവിയിൽ തുടരുന്നു. പീഡനത്തിനെതിരെ ഒരു നടപടിയും ഉണ്ടായതായി അറിവില്ല.

ഈ സംസ്ഥാനം ഭരിക്കുന്നവരാരും അതറിഞ്ഞ മട്ടുപോലുമില്ല. അല്ലെങ്കിൽതന്നെ ഇതിത്ര വലിയകാര്യമാണോ? മലയാളം മര്യാദയ്ക്കു വീട്ടിൽ ഇരിക്കാഞ്ഞിട്ടല്ലേ? മാതൃഭാഷയാണെന്നും പറഞ്ഞു ഞെളിഞ്ഞു നടന്നിട്ട് ആരോ വസ്ത്രാക്ഷേപം ചെയ്തതിൽ സങ്കടപ്പെട്ടിട്ടെന്തു കാര്യം? വസ്ത്രം ഉണ്ടായതുകൊണ്ടല്ലേ അതുരിഞ്ഞു കളഞ്ഞത്? ഒരുമാതിരി അമ്മമാരൊക്കെ ഇപ്പോൾ വൃദ്ധസദനത്തിലല്ലേ? ഈ കിഴവിക്കും അവിടെങ്ങാൻ കിടന്നാൽ പോരെ? ഇംഗ്ലീഷ് ഫ്രോക്ക് ധരിച്ചു നൃത്തം ചെയ്യുന്ന സി.ബി.എസ്.ഇ. ബ്യൂട്ടീഷ്യൻസിന്റെ മുന്നിലേക്കു മലയാളത്തമ്മ എന്തിനു വലിഞ്ഞുകയറുന്നു?

ഞങ്ങൾ സ്യൂട്ടിട്ട സായ്പന്മാർ വിദ്യാഭ്യാസം വച്ചു നടത്തുന്നതു മാതൃഭാഷയെ സേവിക്കാനൊന്നുമല്ല. പത്തു പുത്തനുണ്ടാക്കാനാണ്. ഞങ്ങളുടെ ആഷ്പുഷ് ഇംഗ്ലീഷ് കണ്ടും കേട്ടും വിരണ്ടിട്ടാണു തന്തതള്ളമാർ മക്കളെ ഇവിടെത്തന്നെ കൊണ്ടുവന്നു ചേർക്കുന്നത്. ഈ മതിൽക്കെട്ടിനുള്ളിൽ പ്രാണവായുപോലും ഇംഗ്ലീഷായിട്ടാണു കടന്നുവരുന്നത്. കുടിവെള്ളം ഡ്രിങ്കിംഗ് വാട്ടറായി സ്യൂട്ട് ധരിപ്പിച്ചാണു കുടിക്കാൻ വച്ചിരിക്കുന്നത്. അല്ലെങ്കിൽ അവറ്റയ്ക്കുപോലും ഞങ്ങൾ പെനാലിറ്റിയിടും. ആങ്ഹാ, ഇംഗ്ലീഷിനോടാണു കളി!

മാളക്കാരൻ സായിപ്പിനോട് ഒന്നു ചോദിക്കട്ടെ, താങ്കളുടെ അമ്മയോ വല്യമ്മച്ചിയോ മലയാളം പറഞ്ഞാൽ ശിക്ഷിക്കുമോ? വീട്ടിലെ കാര്യമല്ല. അവർ താങ്കളെ കാണാൻ സ്കൂളിലെത്തുന്നൂവെന്നു വിചാരിക്കുക. അപ്പോൾ, മോനേ ഇച്ചിരിവെള്ളം കുടിക്കണം എന്നുപറഞ്ഞുപോയാൽ ആയിരം രൂപ പിഴയിടുമോ? ഓ, സോറി അവർ വിദ്യാർത്ഥികളല്ലല്ലോ. വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുക എന്നതു മാത്രമാണല്ലോ താങ്കളെപ്പോലുള്ളവരുടെ ജീവിതലക്ഷ്യം.

പക്ഷേ സുഹൃത്തേ, സെപ്റ്റംബർ ഒന്നാം തീയതിയിലെ മനോരമയിൽ പ്രശസ്ത വിദ്യാഭ്യാസ വിചക്ഷണനായ ബി.എസ്. വാര്യർ ചോദിക്കുന്നു. ഉലുവായുടെ ഇംഗ്ലീഷെന്താണെന്ന്. പ്രാഞ്ചിയേട്ടൻ എന്ന സിനിമയിൽ ജഗതി അവതരിപ്പിക്കുന്ന ട്യൂഷൻ മാസ്റ്ററോടു വികൃതിയായ പോളി ചോദിച്ചു: "കേരളത്തിലെ എത്രാമത്തെ മുഖ്യമന്ത്രിയാണ് അച്യുതാനന്ദൻ എന്ന് ഇംഗ്ലീഷിലെങ്ങനെ ചോദിക്കും" എന്ന്. ഏതു നാടൻ സായിപ്പും ഇത്തരം ചില കെണിയിൽ വീണുപോകും. ഇതു ചുമ്മാ ഒരു തമാശയാന്നേ, കോപിക്കരുത്.

ഒരിക്കൽ ഒരു സി.ബി.എസ്.ഇ. സ്കൂ

ളിൽ വാർഷികാഘോഷവേളയിൽ മുഖ്യ പ്രഭാഷകനായി ഈയുള്ളവനെ ക്ഷണിച്ചു. പ്രാർത്ഥനയും സ്വാഗതവും അധ്യക്ഷപ്രസംഗവും അവതരണവും എന്നുവേണ്ട ശ്വാസം കഴിക്കുന്നതുപോലും ഇംഗ്ലീഷിൽ. പിന്നീടു മുഖ്യപ്രഭാഷണത്തിനു ക്ഷണിച്ചപ്പോൾ "എനിക്ക് ഇംഗ്ലീഷ് അറിയില്ല. നിങ്ങൾക്കു മലയാളവും അറിയില്ല. അതുകൊണ്ട് ഒരു വ്യഥാവ്യായാമത്തിനു ഞാനില്ല, ക്ഷമിക്കണം" എന്നുമാത്രം പറഞ്ഞു ഞാൻ പ്രസംഗം അവസാനിപ്പിച്ചു.

പിന്നീട് ഇമ്മാതിരി സ്കൂളുകളിൽ നിന്നു ക്ഷണം വരുമ്പോൾ അവിടത്തെ മലയാളത്തിന്റെ അവസ്ഥയെന്തെന്ന് ഉറപ്പുവരുത്തിയിട്ടേ ഞാൻ സ്വീകരിക്കാറുള്ളൂ. പച്ചവെള്ളം പോലെ പരമാർത്ഥമായ ഒരു തത്വമാണു ബോധന മാധ്യമം മാതൃഭാഷയിലാക്കുന്നതാണ് ഉത്തമം എന്നുള്ളത്. ലോകത്തു മറ്റൊരിടത്തും ഈ രണ്ടുംകെട്ട സമ്പ്രദായം നടപ്പിലില്ല. അവനവന്റെ ഭാഷയെ തള്ളിപ്പറയുന്നത് അഭിമാനമായി കരുതുന്ന ജനത കേരളത്തിലല്ലാതെ മറ്റൊരിടത്തുമില്ല.

മാതൃഭാഷയ്ക്കൊപ്പം മറ്റു ഭാഷകളും- അത് ഇംഗ്ലീഷ് മാത്രമല്ല, ഫ്രഞ്ചോ ജർമനോ ഒക്കെയാവാം- പഠിക്കുകയാണെങ്കിൽ അടിസ്ഥാനപരമായ ഔന്നത്യം ആ പഠനത്തിനുണ്ടാവും. മറിച്ചാകുമ്പോൾ കുട്ടി വിരക്തിയോടെ, ഭയത്തോടെ ഒക്കെയാവും ഭാഷയെ കാണുക. എപ്പോഴാണു കനത്ത ശിക്ഷ പിഴയായി തലയിൽ വീഴുക എന്നു ഭയന്നുകൊണ്ടുള്ള പഠനം എങ്ങനെയാണാവോ രസകരമാവുക? പഠനം രസകരമാക്കണമെന്നത് അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട കാര്യമാണല്ലോ.



ഇംഗ്ലീഷ് ഭാഷ കുട്ടികൾ നന്നായി പഠിക്കണം. ഇംഗ്ലീഷ് ലോകഭാഷയാണെന്ന വാദമൊക്കെ എന്നേ പൊളിഞ്ഞു. അതു നമുക്കു വിടാം. തീർച്ചയായും ഇംഗ്ലീഷിനു വ്യാപകമായ സാധ്യതകളുണ്ട്. വിദേശത്തും മറ്റും ജോലി തേടുന്നതിന് ആർക്കും ഇംഗ്ലീഷ് ഏറെ സഹായകമാകും. അതുകൊണ്ട് ആ ഭാഷ നന്നായി പഠിപ്പിക്കുക തന്നെ വേണം. ആരും അതിന് എതിരല്ല. പക്ഷേ, ചെറിയൊരു കുട്ടിക്കു മുലപ്പാൽപോലെ ദഹിക്കുന്ന ഭാഷ അവന്റെ മാതൃഭാഷ തന്നെയാണ്. അതിലൂടെയുള്ള ബോധനരീതി അവന്റെ ക്ലിഷ്ടതകൾ ഒഴിവാക്കും. അവനു പ്രിയപ്പെട്ട മാതൃഭാഷ ഉച്ചരിക്കാൻ പോലും അനുവദിക്കാതെ ഇംഗ്ലീഷ് അവന്റെ മേൽ അടിച്ചേല്പിക്കുമ്പോൾ ആ കുട്ടിയുടെ സ്വത്വം തന്നെ ബലാത്ക്കാരം ചെയ്യപ്പെടുകയാണ്. കാലങ്ങൾ കൊണ്ട് അവനാ പീഡനവുമായി പൊരുത്തപ്പെടുമെന്നല്ലാതെ ഒരിക്കലും ഇംഗ്ലീഷ് ശരിയായ രീതിയിൽ അവൻ ഉൾക്കൊള്ളുകയില്ല,

മറിച്ച്, മാതൃഭാഷയ്ക്കൊപ്പം മറ്റു ഭാഷകളും-അത് ഇംഗ്ലീഷ് മാത്രമല്ല, ഫ്രഞ്ചോ ജർമനോ ഒക്കെയാവാം- പഠിക്കുകയാണെങ്കിൽ അടിസ്ഥാനപരമായ ഔന്നത്യം ആ പഠനത്തിനുണ്ടാവും. മറിച്ചാകുമ്പോൾ കുട്ടി വിരക്തിയോടെ, ഭയത്തോടെ ഒക്കെയാവും ഭാഷയെ കാണുക. എപ്പോഴാണു കനത്ത ശിക്ഷ പിഴയായി തലയിൽ വീഴുക എന്നു ഭയന്നുകൊണ്ടുള്ള പഠനം എങ്ങനെയാണാവോ രസകരമാവുക? പഠനം രസകരമാക്കണമെന്നത് അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട കാര്യമാണല്ലോ.

ഇനിയൊന്നു ചോദിക്കട്ടെ. ഇംഗ്ലീഷ് മീഡിയം സ്കൂളായാലും അവിടെ മലയാളം സ്വകാര്യ ഭാഷണത്തിനുപോലും ഉപയോഗിക്കരുതെന്ന് ഏതു വിവരംകെട്ടവനാണു നിയമം ഉണ്ടാക്കിയത് ?ഏതു കോടതിയിലാണ് ഈ വാദം നിലനില്ക്കുക? ഏതെങ്കിലും ഒരു ചുണക്കുട്ടി ഇതു തന്റെ പൗരാവകാശലംഘനമാണെന്നു കാണിച്ചു കോടതിയെ സമീപിച്ചാൽ നമ്മുടെ ഈ വിവരംകെട്ട വിദ്വാന്മാർ പ്രതിക്കൂട്ടിൽ കയറി നില്ക്കേണ്ടി വരും. കാരണം, ഭരണഘടനയനുസരിച്ച് ഏതൊരാൾക്കും ഏതവസരത്തിലും തന്റെ മാതൃഭാഷയിൽ ആശയവിനിമയം നടത്താൻ അവകാശമുണ്ട്. ഇത്തരമൊരു വാർത്ത കണ്ടു വേദനയോടെ പണ്ടെഴുതിയ ഒരു മിനിക്കഥ ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കാം.

## ഉണ്ണിക്കുട്ടന്റെ ദുഃഖം

ഉണ്ണിക്കുട്ടൻ ഇംഗ്ലീഷ് മീഡിയത്തിൽ എൽകെജി വിദ്യാർത്ഥിയാണ്. അവന്റെ ഉറ്റ ചങ്ങാതി വിനായക് യുകെജിയിലും. രണ്ടാളും സ്കൂൾ ഗേറ്റിനരികെ നില്ക്കെ ഒരു കാർ പെട്ടെന്നു പ്രത്യക്ഷപ്പെടുകയും ഒരു താടിക്കാരൻ മിന്നൽ വേഗത്തിൽ വിനായകിനെ പിടിച്ചു കാറിലിട്ടു പോവുകയും ചെയ്തു. ആകെ പേടിച്ചുപോയെങ്കിലും ഉണ്ണിക്കുട്ടൻ കാറിന്റെ നമ്പർ മനസ്സിലെഴുതിയിട്ടു. മദറിനോടു പറഞ്ഞുകൊടുക്കണം.

സ്കൂളിൽ വലിയ ബഹളം. വിനായകിനെ കാണാനില്ല. അധികൃതരും രക്ഷാകർത്താക്കളും പോലീസും പരക്കം പായുന്നു. മദറിനോട് ഉണ്ടായ കാര്യവും കാറിന്റെ നമ്പറും പറഞ്ഞു കൊടുത്താൽ അന്വേഷണം എളുപ്പമാകുമെന്ന് ഉണ്ണിക്കുട്ടൻ ഓർത്തു. പക്ഷേ, അതെങ്ങനെ തെറ്റുകൂടാതെ ഇംഗ്ലീഷിൽ പറയുമെന്ന് അവനറിയില്ല. പറഞ്ഞിട്ടു തെറ്റിയാൽ ശിക്ഷ ഉറപ്പാണ്. അതുകൊണ്ടു കൂട്ടുകാരനെ ഓർത്തു ദുഃഖത്തോടെ ഉണ്ണിക്കുട്ടൻ വിരൽ കടിച്ചുനിന്നു.

പ്രിയപ്പെട്ട ഇംഗ്ലീഷ് പാർശ്വവർത്തികളേ, നിങ്ങൾക്കും ഉണ്ണിക്കുട്ടൻ ഒരു പാഠമാകട്ടെ.



പുനരാഖ്യാനം
**മഹാഭാരതം - 135**

# ധൃതരാഷ്ട്രരും ഗാന്ധാരിയും കുന്തിയും കാട്ടുതീയിൽ പെട്ടു മരിക്കുന്നു

**സവ്യസാചി**

**നാ**ളുകൾ കുറെ കഴിഞ്ഞപ്പോൾ യുധിഷ്ഠിരനു തോന്നി വനത്തിൽ പോയി ഗുരുജനങ്ങളെയൊക്കെ ഒന്നു കാണണമെന്ന്. അനുജന്മാർക്കും അതു സമ്മതമായി. അമ്മ കുന്തിയെ കാണാനായിരുന്നു ഏറെ ആഗ്രഹം. വളരെ പണിപ്പെട്ടു നേടിയെടുത്ത രാജ്യവും രാജഭോഗങ്ങളും അനുഭവിക്കാൻ അമ്മ കൂടെയില്ലാതെ പോയത് അവർക്കു സഹിക്കാവുന്ന കാര്യമായിരുന്നില്ല. അമ്മ എന്നും തങ്ങളോടൊപ്പമുണ്ടാകും എന്നാണവർ പ്രതീക്ഷിച്ചത്.

രാജ്യഭാരം യുയുത്സുവിനെയും പുരോഹിതൻ ധൗമ്യനെയും ഏല്പിച്ച് അവർ വനത്തിലേക്കു പുറപ്പെട്ടു. പാണ്ഡവരോടൊപ്പം പാഞ്ചാലിയും സുഭദ്രയും ഉലൂപിയും ചിത്രാംഗദയുമൊക്കെ ഉണ്ടായിരുന്നു. അവർ വനത്തിലെത്തിയപ്പോൾ ബ്രാഹ്മണരും താപസരും ചേർന്ന് അവരെ എതിരേറ്റു.

ധൃതരാഷ്ട്രരും ഗാന്ധാരിയും കുന്തിയും വിദുരരും സഞ്ജയനും തപസ്സനുഷ്ഠിക്കുന്നതു ശതയൂപമഹർഷിയുടെ ആശ്രമത്തിലാണെന്നറിഞ്ഞ് എല്ലാവരും അങ്ങോട്ടു യാത്രയായി. അവിടെ തപസ്സുകൊണ്ടു ചടച്ച് എല്ലും തോലും മാത്രമായി കഴിയുന്ന ധൃതരാഷ്ട്രരെയും ഗാന്ധാരിയെയും കുന്തിയെയും കണ്ടവർ കണ്ണീരൊഴുക്കി. ഓരോരുത്തരും പേരു പറഞ്ഞു ധൃതരാഷ്ട്രരെ നമസ്കരിച്ചു.

സഹദേവൻ അമ്മയെക്കണ്ട് ഓടിച്ചെന്നു കെട്ടിപ്പിടിച്ചു കരച്ചിലായി. അമ്മ ക്ഷീണിച്ച കണ്ണുകൾ പതുക്കെ തുറന്നു. വാത്സല്യപൂർവം അവനെ ആശ്ലേഷിച്ചുകൊണ്ടു ഗാന്ധാരിയോടു പറഞ്ഞു. ദേ, നമ്മുടെ സഹദേവനുണ്ണി വന്നിരിക്കുന്നു. ഗാന്ധാരിയും ബദ്ധപ്പെട്ടു കണ്ണുകൾ തുറന്നു വാത്സല്യപൂർവം സഹദേവനെ കടാക്ഷിച്ചു. പിന്നെ യുധിഷ്ഠിരനെയും ഭീമനെയും അർജുനനെയും നകുലനെയും കുന്തി വാത്സല്യപൂർവം തഴുകിയാശ്വസിപ്പിച്ചു. അവർക്കാർക്കും കണ്ണീരടങ്ങുന്നില്ല. കരച്ചിൽ നിലയ്ക്കുന്നില്ല. എല്ലാവരെയും ആശ്വസിപ്പിച്ചതു ധൃതരാഷ്ട്രരാണ്. ഇതു ജീവിതഗതിയാണെന്നും ആരും ഇതിൽ ദുഃഖിക്കുകയോ വിലപിക്കുകയോ ചെയ്യരുതെന്നും അങ്ങനെ ചെയ്യുന്നതു ധർമവിരുദ്ധമാണെന്നും അദ്ദേഹം അവരെ ഓർമിപ്പിച്ചു.

അപ്പോൾ യുധിഷ്ഠിരൻ ചോദിച്ചു: വലിയച്ഛാ, ഇളയച്ഛൻ വിദുരരെ കാണുന്നില്ലല്ലോ? അദ്ദേഹമെവിടെ?

മകനേ, അദ്ദേഹം കഠിന തപസ്സിലാണ്, വല്ലപ്പോഴുമേ കാണാറുള്ളൂ. കാറ്റാണു ഭക്ഷണം. മെലിഞ്ഞു ഞരമ്പുന്തി ദേഹത്യാഗത്തിനൊരുങ്ങി എവിടെയോ ധ്യാനലീനനായിരിക്കുന്നുണ്ടാവും.

ഇതു പറഞ്ഞപ്പോൾ മെലിഞ്ഞു ദിഗംബരനായ ഒരു രൂപം പാറക്കല്ലു കടിച്ചു പിടിച്ചും ദേഹമാകെ ചേറുപുരണ്ടും അവിടേക്കു വന്നു. പെട്ടെന്ന് ആളെക്കണ്ട് ആ രൂപം ഓടിയകന്നു. അതു വിദുരരാണെന്നു തിരിച്ചറിഞ്ഞ യുധിഷ്ഠിരൻ പിന്നാലെയോടി. ഓടും വഴിക്കദ്ദേഹം വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു: ഇളയച്ഛാ നില്ക്കണേ, ഞാനങ്ങേക്കു പ്രിയങ്കരനായ യുധിഷ്ഠിരനാണ്, നില്ക്കണേ, നില്ക്കണേ.

കുറെ ഉള്ളിൽ കടന്നു വിജനതയിലെത്തിയപ്പോൾ ആ രൂപം തിരിഞ്ഞു നിന്നു. കാലുകളിൽ നില്ക്കാനാവാതെ ഒരു മരത്തിൽ ചാഞ്ഞു. യുധിഷ്ഠിരൻ ഓടിയെത്തി വന്ദിച്ചു: ഇതു ഞാൻ യുധിഷ്ഠിരൻ, അങ്ങയുടെ വാക്കുകൾ ഒരിക്കലും തെറ്റിക്കാത്ത മകൻ.

വിദുരർ ഒന്നും മിണ്ടാതെ, മിണ്ടാനാവാതെ യുധിഷ്ഠിരന്റെ കണ്ണുകളിലേക്കു തന്നെ നോക്കി നിന്നു. ആ കണ്ണുകളിൽ നിന്ന് ഏതോ ചൈതന്യം തന്റെ കണ്ണുകളിലേക്കു പ്രവേശിക്കുന്നതായി യുധിഷ്ഠിരനു

വിദുരർ ഒന്നും മിണ്ടാതെ മിണ്ടാനാവാതെ യുധിഷ്ഠിരന്റെ കണ്ണുകളിലേക്കു തന്നെ നോക്കി നിന്നു. ആ കണ്ണുകളിൽ നിന്ന് ഏതോ ചൈതന്യം തന്റെ കണ്ണുകളിലേക്കു പ്രവേശിക്കുന്നതായി യുധിഷ്ഠിരനു തോന്നി. വിദുരർ യോഗസിദ്ധികൊണ്ടു യുധിഷ്ഠിരനിലേക്കു പ്രവേശിക്കുകയായിരുന്നു. പ്രാണനും പ്രാണനും, ഇന്ദ്രിയങ്ങളും ഇന്ദ്രിയങ്ങളും തങ്ങളിൽ ചേർന്നു. താൻ കൂടുതൽ തേജസ്വിയും ശക്തനുമാകുന്നതായി യുധിഷ്ഠിരന് അനുഭവപ്പെട്ടു. നോക്കി നില്ക്കെ ആ രൂപം വിളറി വിറങ്ങലിച്ചു താഴെ വീണു. ഇളയച്ഛന്റെ പ്രാണൻ സ്വർഗലോകത്തെത്തിയെന്നുറച്ച യുധിഷ്ഠിരൻ അന്ത്യകർമങ്ങൾക്കു വട്ടംകൂട്ടി. അല്പമാത്രമായ ആ ദേഹം ചിതയിലെടുത്തുവച്ചു ദഹിപ്പിക്കാനൊരുങ്ങി. അപ്പോൾ അശരീരിയുണ്ടായി: അരുതേ, അരുതേ, ഈ ധന്യാത്മാവിന്റെ ദേഹം ദഹിപ്പിക്കരുത്. അതവിടെ വിട്ടേക്കൂ.



ദുഃഖിക്കേണ്ട യുധിഷ്ഠിരാ, ഇതു കർമഗതിയാണ്.വിധിനിശ്ചയമാണ്. വാനപ്രസ്ഥം സ്വീകരിച്ചു സ്വർഗയാത്രയ്ക്കൊരുങ്ങിയിരുന്ന അവർ അവരിച്ഛിച്ചതുപോലെ തന്നെ മരണം വരിക്കുകയായിരുന്നു. കാട്ടുതീ ഒരു നിമിത്തം മാത്രം. ഇനി അവർക്കുവേണ്ട മരണാനന്തര ക്രിയകൾ അനുഷ്ഠിച്ചു കൊള്ളുക.

തോന്നി. വിദുരർ യോഗസിദ്ധി കൊണ്ടു യുധിഷ്ഠിരനിലേക്കു പ്രവേശിക്കുകയായിരുന്നു. പ്രാണനും പ്രാണനും, ഇന്ദ്രിയങ്ങളും ഇന്ദ്രിയങ്ങളും തങ്ങളിൽ ചേർന്നു. താൻ കൂടുതൽ തേജസ്വിയും ശക്തനുമാകുന്നതായി യുധിഷ്ഠിരന് അനുഭവപ്പെട്ടു. നോക്കി നില്ക്കെ ആ രൂപം വിളറി വിറങ്ങലിച്ചു താഴെ വീണു. ഇളയച്ഛന്റെ പ്രാണൻ സ്വർഗലോകത്തെത്തിയെന്നുറച്ച യുധിഷ്ഠിരൻ അന്ത്യകർമങ്ങൾക്കു വട്ടംകൂട്ടി. അല്പമാത്രമായ ആ ദേഹം ചിതയിലെടുത്തുവച്ചു ദഹിപ്പിക്കാനൊരുങ്ങി. അപ്പോൾ അശരീരിയുണ്ടായി: അരുതേ, അരുതേ, ഈ ധന്യാത്മാവിന്റെ ദേഹം ദഹിപ്പിക്കരുത്. അതവിടെ വിട്ടേക്കൂ.

യുധിഷ്ഠിരൻ വിദുരരുടെ ഭൗതികാവശിഷ്ടം അവിടെ വിട്ട് ആശ്രമത്തിലേക്കു മടങ്ങി.

ആശ്രമത്തിൽ യുധിഷ്ഠിരൻ മടങ്ങിയെത്തുമ്പോൾ അവിടെ വ്യാസമഹർഷി വന്നുചേർന്നിട്ടുണ്ടായിരുന്നു. എല്ലാവരും ചേർന്നദ്ദേഹത്തെ സ്വീകരിച്ചു നമസ്കരിച്ചു. അദ്ദേഹം ധൃതരാഷ്ട്രരോടു ചോദിച്ചു: ധൃതരാഷ്ട്രരാജാവേ, നിന്റെ തപസ്സു നിർവിഘ്നം നടക്കുന്നല്ലൊ അല്ലേ? കാട്ടിൽ താമസിക്കുന്നതു കൊണ്ടു മനസ്സിനു കൂടുതൽ തെളിമയുണ്ടാകുന്നില്ലേ? പുത്രനഷ്ട ശോകം ഉള്ളിൽ നിന്നു മാഞ്ഞില്ലേ? ജ്ഞാനങ്ങളെല്ലാം ആത്മാവിൽ തെളിയുന്നില്ലേ? ദൃഢബുദ്ധിയോടെ കാനനവിധികൾ പാലിക്കുന്നില്ലേ? പ്രിയ പത്നി ഗാന്ധാരി ഇപ്പോൾ ദുഃഖിച്ചുകരയുന്നില്ലല്ലൊ? ബുദ്ധിമതിയും വേദതത്വങ്ങൾ അറിയുന്നവളുമായ അവൾ വിലപിക്കുന്നില്ലല്ലൊ? സ്വന്തം മക്കളെ വിട്ടു പോന്ന കുന്തി നിങ്ങളെ വിനയപൂർവം ശുശ്രൂഷിക്കുന്നില്ലേ? ധർമപുത്രരാജാവിനെ നീ അഭിനന്ദിക്കുന്നില്ലേ? അവന്റെ അനുജന്മാരെ നീ സാന്ത്വനിപ്പിക്കുന്നില്ലേ? ഇവരെയെല്ലാം കണ്ടു നിന്റെ മനസ്സു നിഷ്കളങ്കമായി ആഹ്ലാദിക്കുന്നില്ലേ? നിർവൈരത്വം, സത്യം, അക്രോധം ഇതു മൂന്നുമാണ് ഏറ്റവും വിശിഷ്ടമായ ഗുണങ്ങൾ. കാട്ടിൽ വാഴുന്ന നിനക്കു ഭക്ഷണവും ഉപവാസവും മുടങ്ങുന്നില്ലല്ലൊ അല്ലേ?

വിദുരന്റെ സദ്ഗതിയെപ്പറ്റിയും ഞാനറിഞ്ഞു. അവൻ പണ്ട് അണിമാണ്ഡവ്യമുനിയുടെ ശാപം കൊണ്ടു

**കുന്തി പറഞ്ഞു:**

നാഹം രാജ്യഫലം പുത്രാ:
കാമയേ പുത്രനിർജിതം
പതിലോകാനഹം പുണ്യാൻ
കാമയേ തപസാ വിഭോ.

(മക്കളേ, പുത്രന്മാർ ജയിച്ചു നേടിയ രാജ്യഫലം ഞാൻ ആഗ്രഹിക്കുന്നില്ല. തപസ്സു കൊണ്ടു ഞാൻ പുണ്യപൂർണമായ ഭർതൃലോകത്തെത്താനാണാഗ്രഹിക്കുന്നത്.)

മനുഷ്യജന്മമെടുത്ത ധർമദേവനാണ്. ബ്രഹ്മനിയോഗം കൊണ്ടും ആത്മബലം കൊണ്ടും വൈചിത്ര്യ വീര്യക്ഷേത്രത്തിൽ ജാതനായ മഹാമുനിയാണവൻ. സത്യത്താലും ദമത്താലും ശമത്താലും തേജസാർന്നവൻ. അഹിംസയിലും ദാനത്തിലും വ്രതനിഷ്ഠയുള്ളവൻ. യോഗ വിദ്യകൊണ്ട് അവനിൽ നിന്നു പിറന്നവനാണു കുരുരാജാവു യുധിഷ്ഠിരൻ. പ്രജ്ഞാനം കൊണ്ടും ബുദ്ധി കൊണ്ടും ഇവനും ധർമദേവൻ തന്നെ. ധർമനാണു വിദുരർ. ആ വിദുരനാണു പാണ്ഡവൻ. ആ പാണ്ഡവനിതാ, നിന്റെ പ്രത്യക്ഷദാസനെപ്പോലെ നില്ക്കുന്നു. നിന്റെ അനുജൻ ഇവനിൽ പ്രവേശിച്ചിരിക്കുന്നതു മൂലം ഇവനിപ്പോൾ പൂർവാധികം ജ്ഞാനിയും ബലവാനുമായിത്തീർന്നിരിക്കുന്നു. ഇവർക്കെല്ലാം നീ ആശിസ്സു നേർന്നാലും.

എല്ലാവരെയും ഒരിക്കൽ കൂടി വന്ദിച്ചു യാത്രാനുമതി വാങ്ങി യുധിഷ്ഠിരനും സംഘവും ഹസ്തിനപുരത്തേക്കു മടങ്ങി.

രണ്ടു വർഷം കഴിഞ്ഞപ്പോൾ ഒരു സായാഹ്നത്തിൽ നാരദ മഹർഷി ഹസ്തിനപുരം കൊട്ടാരത്തിലെത്തി. യുധിഷ്ഠിനും അനുജന്മാരും എല്ലാവരും ചേർന്നു ധൗമ്യപുരോഹിതനെ മുൻനിർത്തി നാരദ മഹർഷിയെ സ്വീകരിച്ചു പൂജിച്ചു.

സത്കാരം സ്വീകരിച്ചു വിശ്രമിക്കുമ്പോൾ നാരദമഹർഷിയോടു യുധിഷ്ഠിരൻ വിനയപൂർവം ചോദിച്ചു: മഹാത്മാവേ, അങ്ങയുടെ സന്ദർശനം കൊണ്ടു ഞങ്ങൾ ധന്യരായി. ഏറെനാളായി അങ്ങിവിടെ വന്നിട്ട്. അങ്ങേക്കു കുശലമല്ലേ? ഏതേതു നാടുകൾ, തീർത്ഥങ്ങൾ സന്ദർശിച്ചാണ് അങ്ങിപ്പോൾ ഇവിടെയെത്തിയത്?

നിന്നെക്കണ്ടിട്ട് ഏറെനാളായല്ലൊ എന്നു കരുതിയാണു യുധിഷ്ഠിരാ, ഞാനിന്നു വന്നത്. നാരദൻ പറഞ്ഞു: ഗംഗയിൽ സ്നാനം ചെയ്തു തീർത്ഥങ്ങൾ വന്ദിച്ചു വന്നിരിക്കുകയാണ്.

ഗംഗയെന്നു കേട്ടപ്പോൾ യുധിഷ്ഠിരൻ ചോദിച്ചു: ദേവർഷേ, അങ്ങു ഗംഗാതീരത്തിൽ തപസ്സുചെയ്യുന്ന ഞങ്ങളുടെ അമ്മയെയും വല്യച്ഛനെയുമൊക്കെ കണ്ടുവോ?

അതുകൂടി അറിയിക്കാനാണു രാജാവേ, ഞാനിപ്പോൾ എത്തിയിരിക്കുന്നത്. മനസ്സിനു ചാഞ്ചല്യമുണ്ടാവാതെ സ്ഥിരബുദ്ധിയോടെ ഞാൻ പറയുന്നതു കേൾക്കുക. ഗംഗാതീരത്തെത്തിയപ്പോൾ മഹർഷിമാർ പറഞ്ഞറിഞ്ഞതാണ്. ഗംഗാതീരത്തു കഠിനതപസ്സു ചെയ്തുകൊണ്ടിരുന്ന വല്യച്ഛനും ഗാന്ധാരിയും കുന്തിയും ഒരുനാൾ കാട്ടുതീയിൽ പെട്ടു വെന്തുമരിച്ചു. തപസ്സുകൊണ്ടു കൃശരും പരിക്ഷീണിതരുമായിരുന്ന അവർക്ക് ആളിപ്പടർന്നു വരുന്ന കാട്ടുതീയിൽ നിന്ന് ഓടിരക്ഷപെടാനാകുമായിരുന്നില്ല. രാജാവിന്റെ നിർബന്ധത്തിനു വഴങ്ങി സഞ്ജയൻ മാത്രം തീയിൽ നിന്നു പുറത്തേക്കു പോന്നു. അദ്ദേഹം ഹിമാലയത്തിലേക്കു പോവുകയും ചെയ്തു.

ദുഃഖിക്കേണ്ട യുധിഷ്ഠിരാ, ഇതു കർമഗതിയാണ്. വിധിനിശ്ചയമാണ്. വാനപ്രസ്ഥം സ്വീകരിച്ചു സ്വർഗയാത്രയ്ക്കൊരുങ്ങിയിരുന്ന അവർ അവരിച്ഛിച്ചതുപോലെ തന്നെ മരണം വരിക്കുകയായിരുന്നു. കാട്ടുതീ ഒരു നിമിത്തം മാത്രം. ഇനി അവർക്കുവേണ്ട മരണാനന്തര ക്രിയകൾ അനുഷ്ഠിച്ചു കൊള്ളുക. ഇത്രയും പറഞ്ഞു മുനി പാണ്ഡവരെ അനുഗ്രഹിച്ചു യാത്ര ചൊല്ലി മടങ്ങിപ്പോയി.

ജീവിച്ചിരിക്കുന്നവരെപ്പറ്റിയോ മരിച്ചവരെപ്പറ്റിയോ ഓർത്തു പണ്ഡിതന്മാർ ദുഃഖിക്കുന്നില്ല എന്ന തത്വം അറിയാൻ വയ്യാഞ്ഞിട്ടല്ലെങ്കിലും ആ സഹോദരന്മാർക്ക് അമ്മയുടെയും വലിയച്ഛന്റെയും വല്യമ്മയുടെയും വിയോഗദുഃഖം താങ്ങാനാകുമായിരുന്നില്ല. അവർ കുറെ കരഞ്ഞു, കണ്ണീരൊഴുക്കി, പിന്നെ തമ്മിൽ തമ്മിൽ ആശ്വസിപ്പിച്ചു. മുറപ്രകാരം ശ്രാദ്ധകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു.

*(തുടരും)*

രാഷ്ട്രീയം

കെ.എം.തോമസ്

# ചിദംബരത്തിനെതിരെ ഗൂഢാലോചനകൾ?

ഇന്ദ്രപ്രസ്ഥത്തിൽ രാഷ്ട്രീയ ഉപജാപക സംഘങ്ങൾ അരങ്ങുതകർത്താടുകയാണ്. സ്പെക്ട്രം വിവാദത്തിൽ ആഭ്യന്തരമന്ത്രി പി.ചിദംബരത്തെക്കൂടി ബലിയാടാക്കാനാണു പുതിയ നാടകം. പ്രധാനമന്ത്രിക്കെതിരെയുള്ള നീക്കങ്ങൾ അത്രയ്ക്കങ്ങു ഫലം കണ്ടില്ല എന്നതിൽ പലരും നിരാശരായിരുന്നു. മാധ്യമങ്ങൾ കിണഞ്ഞു ശ്രമിച്ചെങ്കിലും അതൊരു നനഞ്ഞ പടക്കമായിപ്പോയി. അതുകൊണ്ടാവാം മന്ത്രിസഭയിലെ മൂന്നാമൻ വഴി മുകളിലേക്കൊരു ഓപ്പറേഷനാവാം എന്നു ചിലർ കണക്കുകൂട്ടുന്നത്. അടുത്തഘട്ടത്തിൽ ആരോപണമുനകൾ പ്രണബിനെതിരെ തിരിയാം. പിന്നെ പ്രധാനമന്ത്രിയെ കുരുക്കാൻ എളുപ്പമാകുമല്ലൊ.



മൻമോഹൻസിങ്

ദീർഘകാലമായി അധികാരകേന്ദ്രത്തിലുള്ള ചിദംബരം കാര്യമായ ആരോപണങ്ങൾക്കൊന്നും ഇതുവരെ ഇരയായിട്ടില്ല. എന്നല്ല, മികവുറ്റ ഭരണാധികാരി എന്ന ഇമേജ് അദ്ദേഹത്തിനുണ്ടുതാനും. ആരും അങ്ങനെ മിടുക്കരായി ഏറെനാൾ തുടരുന്നതു



പി. ചിദംബരം

സഹിക്കാൻ രന്ധ്രാന്വേഷികൾക്കു കഴിയില്ലല്ലൊ. അതിന്റെ തെളിവാണു പുതിയ നീക്കങ്ങൾ.

ചിദംബരം ധനമന്ത്രിയായിരിക്കെ അദ്ദേഹം മനസ്സുവച്ചിരുന്നെങ്കിൽ സ്പെക്ട്രം വില്പന ലേലവ്യവസ്ഥയിലാക്കാമായിരുന്നത്രെ. ഇതു വിശദമാക്കിക്കൊണ്ടു 11 പേജുള്ള ഒരു കുറിപ്പു ധനമന്ത്രാലയത്തിലെ ഒരു ഡപ്യൂട്ടി ഡയറക്ടറായ ഡോ.പി.ജി.എസ്.റാവു ഒപ്പിട്ടു പ്രധാനമന്ത്രിയുടെ ഓഫീസിലെ ജോയിന്റ് സെക്രട്ടറി വിനി മഹാജന്റെ പേരിലാണ് അയച്ചിരിക്കുന്നത്. ഇപ്പോൾ കത്തു വിവരാവകാശ നിയമപ്രകാരം സാമൂഹിക പ്രവർത്തകനായ വിവേക്ഗാർ അപേക്ഷിച്ചാണത്രെ വാങ്ങിയിരിക്കുന്നത്.

സ്പെക്ട്രം ഇടപാടിൽ ചിദംബരത്തിന്റെ പങ്ക് അന്വേഷിക്കണം എന്നാവശ്യപ്പെട്ടു സുപ്രീംകോടതിയിൽ ഹർജി സമർപ്പിച്ചിരിക്കുന്ന സുബ്രഹ്മണ്യസ്വാമിക്കു വിവേക്ഗാർ കുറിപ്പു കൈമാറി. അദ്ദേഹം അതു കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. സാധാരണക്കാരനായ ഒരു സംശയാത്മാവിനു പക്ഷേ, ഇതൊക്കെ കൂട്ടി വായിക്കുമ്പോൾ ചില സംശയങ്ങളുണ്ടായില്ലെങ്കിലല്ലേ അദ്ഭുതമുള്ളൂ. പി.ജി.എസ്. റാവുവിനോടു പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്ന് ആരെങ്കിലും ഇക്കാര്യം അന്വേഷിക്കാൻ ആവശ്യപ്പെട്ടിരുന്നുവോ? അതല്ല, അദ്ദേഹം സ്വമേധയാ തയ്യാറാക്കിയ കുറിപ്പാണോ ഇത്? എങ്കിൽ ഒരു മന്ത്രിയെ കുറ്റപ്പെടുത്തികൊണ്ട് ഇത്തരത്തിലുള്ള ഒരു കുറിപ്പു തയ്യാറാക്കാൻ നടപടിക്രമങ്ങൾ അനുവദിക്കുന്നുണ്ടോ? രാജ അറസ്റ്റിലായ ശേഷമാണ് ഈ കുറിപ്പു ജനിക്കുന്നത് എന്നിരിക്കെ, ഇതിന്റെ പിന്നിൽ ഏതെങ്കിലും കറുത്ത കരങ്ങളുണ്ടോ? ചിദംബരം രാജിവയ്ക്കണമെന്ന പ്രതിപക്ഷ ആവശ്യത്തിൽ യാതൊരപാകതയുമില്ല. അവർക്കങ്ങനെയല്ലേ ആവശ്യപ്പെടാനാവൂ. രാജി വയ്ക്കേണ്ട എന്നുപറഞ്ഞാൽ പിന്നെ എന്തുപ്രതിപക്ഷം? ഇടതായാലും വലതായാലും പ്രതിപക്ഷ ധർമം ഭരണകക്ഷി ആക്രമണ



പ്രണവ് മുഖർജി

മല്ലാതെ മറ്റൊന്നുമല്ലല്ലൊ ഇന്ത്യയിൽ!

പുരട്ചിതലൈവി ജയലളിതയും ചിദംബരം രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ടു കഴിഞ്ഞു. സ്വന്തം നാട്ടുകാരനൊരാൾ കേന്ദ്രത്തിൽ ഇങ്ങനെ ഷൈൻ ചെയ്യുന്നത്, എത്ര ശ്രമിച്ചിട്ടും തമിഴകത്തിന്റെ അതിർത്തി കടക്കാൻ കഴിയാതെ പോകുന്ന ജയലളിതയ്ക്ക് അത്രയങ്ങു സഹിക്കാനാവാത്തതിലും അദ്ഭുതപ്പെടാനില്ല. ♦

# വിശ്വസ്തത എന്ന ഗുണം

*പ്രിയ കൂട്ടുകാരേ,*

നമ്മിൽ വിശ്വാസം അർപ്പിക്കുന്ന ആരോടും നാം കൂറുകാണിക്കണം. വിശ്വസിക്കുന്നവരെ ഒരിക്കലും ചതിക്കരുത്. മാതാപിതാക്കളോടും ഗുരുക്കന്മാരോടും മേലധികാരികളോടുമെല്ലാം നാം വിശ്വസ്തതയോടെ പെരുമാറണം.

മഹാനായ അലക്സാണ്ടർ ചക്രവർത്തിയെ വിജയത്തിൽ നിന്നു വിജയത്തിലേക്കു നയിക്കുന്നതിൽ അദ്ദേഹത്തിന്റെ വിശ്വസ്തനായ പടക്കുതിര ബ്യൂസിപാലസ് വഹിച്ച പങ്കു വളരെ പ്രസിദ്ധമാണ്. വയനാടൻ കുന്നുകളിൽ അഭയം തേടിയ പഴശ്ശി രാജാവിനെ വെള്ളക്കാരുടെ വലയിൽപെടാതെ കാത്തുരക്ഷിച്ചതു വിശ്വസ്തരായ അദ്ദേഹത്തിന്റെ 'കുറിച്യപ്പട'യായിരുന്നു.



*അലക്സാണ്ടർ ചക്രവർത്തിയും ബ്യൂസിപാലസും. (ഒരു രേഖാചിത്രം.)*

എന്നാൽ, വിശ്വസ്തരെ വഞ്ചിക്കുന്നവരും ചരിത്രാതീതകാലം മുതൽ തന്നെ ജനമനസ്സുകളിൽ സ്ഥാനം പിടിച്ചിരുന്നു. സ്വന്തം ഗുരുവിനെ കേവലം മുപ്പതു വെള്ളിക്കാശിന് ഒറ്റുകൊടുത്ത യൂദാസിന്റെ കാലത്തിനു മുമ്പുതന്നെ അത്തരം വഞ്ചനയുടെ കഥകൾ കേട്ടുതുടങ്ങിയിരുന്നു. 1857ൽ നടന്ന ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരത്തിൽ നാടിനും നാട്ടുകാർക്കും വേണ്ടി പോരാടിയ ധീരദേശാഭിമാനിയായിരുന്നു താന്തിയാതോപ്പി. അദ്ദേഹത്തെ വെള്ളക്കാർക്ക് ഒറ്റുകൊടുത്തതു വിശ്വസ്ത തോഴനായ മാനസിംഹനായിരുന്നു.

ജർമനിയിലെ ഒരു കുഗ്രാമത്തിൽ ജയിംസ് ഓസ്റ്റിൻ എന്നൊരു കച്ചവടക്കാരനുണ്ടായിരുന്നു. രണ്ടുദിവസം നീണ്ട യാത്രചെയ്താണ് അയാൾ കച്ചവടത്തിനുള്ള സാധനങ്ങൾ ചന്തയിൽ നിന്നും കൊണ്ടുവന്നിരുന്നത്. കാടും മേടും കടന്നു കുതിരസവാരി ചെയ്താണ് അയാൾ അവിടേക്കു പോയിരുന്നത്.

ഒരിക്കൽ ജയിംസ് ഓസ്റ്റിൻ പതിവുപോലെ കുതിരപ്പുറത്തുകയറി ചന്തയിലേക്കു പുറപ്പെട്ടു. പണസഞ്ചിയും പലഹാരസഞ്ചിയുമെല്ലാം, ഭദ്രമായി കുതിരപ്പുറത്തു വച്ചു. കള്ളന്മാരോ കൊള്ളക്കാരോ വന്നാൽ നേരിടാൻ ഒരു കൈത്തോക്കും കയ്യിലെടുത്തുവച്ചു. അകമ്പടി സേവിക്കാൻ 'ജാക്ക്' എന്നു പേരുള്ള ഒരു നായ്ക്കുട്ടിയും ഒപ്പമുണ്ടായിരുന്നു.

കുറേദൂരം യാത്രചെയ്ത് ഒരു പുഴക്കരയിലെത്തിയപ്പോൾ അയാൾ കയ്യിലുണ്ടായിരുന്ന പൊതിയഴിച്ചു ഭക്ഷണം കഴിച്ചു. കുറച്ചാഹാരം പട്ടിക്കും കൊടുത്തു. പിന്നെ കുതിരയെ വെള്ളം കുടിപ്പിച്ചശേഷം അവിടെനിന്നും യാത്രതുടർന്നു.

പക്ഷേ, കയ്യിലുണ്ടായിരുന്ന പണസഞ്ചി അയാൾ അവിടെവച്ചു മറന്നു. ഈ വിവരം ജാക്കിനു മനസ്സിലായി. അവൻ കുരച്ചുകൊണ്ടു കുതിരയ്ക്കൊപ്പം ഓടി അതിനെ തടഞ്ഞുനിർത്താൻ നോക്കി. ജയിംസിന് ഒന്നും മനസ്സിലായില്ല. ജാക്കിനു ഭ്രാന്തുപിടിച്ചെന്നാണ് അയാൾ കരുതിയത്.

കയ്യിലിരുന്ന തോക്കുകൊണ്ടു ജയിംസ്, ജാക്കിനെ വെടിവെച്ചു. വെടിയേറ്റു പുളഞ്ഞ ജാക്ക് ഇഴഞ്ഞും വലിഞ്ഞും പണസഞ്ചിയിരിക്കുന്ന സ്ഥലത്തേക്ക് ഓടി.

ജയിംസ് പിന്നെയും മുന്നോട്ടുനീങ്ങി. അപ്പോഴാണ് അയാൾക്കു പണസഞ്ചിയുടെ കാര്യം ഓർമവന്നത്. ഒരു നടുക്കത്തോടെ അയാൾ കുതിരയെ തിരിച്ചു പായിച്ചു. അവിടെ ചെന്നപ്പോൾ കണ്ട കാഴ്ച അതിദാരുണമായിരുന്നു.

സ്വന്തം യജമാനനെ കണ്ടപ്പോൾ അന്ത്യനിമിഷത്തിലും വിശ്വസ്തനായ ജാക്ക് ഒന്നു വാലാട്ടി. അതോടെ അവന്റെ കഥകഴിഞ്ഞു. യജമാനന്റെ വിലയേറിയ പണസഞ്ചി നഷ്ടപ്പെട്ടുപോകാതിരിക്കാനായിരുന്നു ജീവിതാന്ത്യംവരെ അവൻ പരിശ്രമിച്ചത്. ഇത്തരം ദൃഢമായ വിശ്വസ്തതയാണു നമുക്കോരോരുത്തർക്കും ഉണ്ടാകേണ്ടത്.

**സസ്നേഹം,**

**സിപ്പിയങ്കിൾ**

## അക്ഷരഗാനം

# ഊ

**ഊ**ളമ്പാറയിലവറാനും
**ഊ**ട്ടിക്കാരൻ ബാപ്പൂട്ടീം
**ഊ**രുംപേരും ചൊല്ലാതെ
**ഊ**ത്തപ്പത്തിനു കടിപിടിയായ്!

**മാത്യു കാരാംവേലി**

# തിരുവള്ളുവർ

തമിഴ് സംസ്കാരവും സാഹിത്യവും രൂപപ്പെടുത്തുന്നതിൽ തിരുവള്ളുവർ വഹിച്ച പങ്കു നിസ്തുലമാണ്. ഏതാണ്ടു 15 നൂറ്റാണ്ടുകൾക്കു മുമ്പു ജീവിച്ചിരുന്ന ഒരാൾ എല്ലാ മതവിശ്വാസികളുടെയും പ്രശംസ നേടിയ ഒരു വേദ ഗ്രന്ഥം രചിച്ചുവെന്നതു നമ്മെ അദ്ഭുതപ്പെടുത്തുന്നു. ജനിക്കുമ്പോൾ എല്ലാവരും തുല്യരെന്ന് ഉദ്ഘോഷിച്ച മഹാത്മാവാണദ്ദേഹം.



*തിരുവള്ളുവർ*

ദ്രാവിഡവേദം എന്നു വിശേഷിപ്പിക്കുന്ന വിശ്വപ്രസിദ്ധമായ തിരുക്കുറൾ രചിച്ച മഹായോഗിയാണു തിരുവള്ളുവർ. ജ്ഞാനമൂർത്തിയായ ഈ തമിഴ് കവിയുടെ ജീവിതകാലം, വ്യക്തിപരമായ വിശദാംശങ്ങൾ എന്നിവയെപ്പറ്റി ഐതിഹ്യങ്ങളും അനുമാനങ്ങളും മാത്രമാണുള്ളത്. ബി.സി. നാലാം ശതകത്തിനും ആറാംശതകത്തിനും ഇടയിലാണ് ഈ മഹാപുരുഷന്റെ ജീവിതകാലം എന്നു കരുതുന്നു. സംഘംകൃതികളിൽ വള്ളുവരുടെ ഏതാനും ശൈലീപ്രയോഗങ്ങൾ കാണുന്നതുകൊണ്ടു സംഘകാല കവികൾക്കും മുമ്പായിരിക്കും അദ്ദേഹം ജീവിച്ചിരുന്നതെന്നും, ചിലപ്പതികാരത്തിലും മണിമേഖലയിലും തിരുക്കുറലിലെ ഉദ്ധരണികൾ കാണുന്നതുകൊണ്ടു തിരുക്കുറൾ ഇവയെക്കാൾ പ്രാചീനമാണെന്നും പണ്ഡിതന്മാർ അനുമാനിക്കുന്നു.

ആതി എന്ന പുലയസ്ത്രീയുടെയും അഗസ്ത്യഗോത്രജ്ഞനായ ഭഗവന്തൻ എന്ന ബ്രാഹ്മണന്റെയും പുത്രനായി ജനിച്ചു എന്നും യാളിദത്തൻ എന്ന സിദ്ധന് ഒരു പുലയപ്പെൺകൊടിയിൽ പിറന്നുവെന്നും അതല്ല, വരരുചിക്കു പറയസ്ത്രീയിൽ ജനിച്ച സന്താനങ്ങളിൽ ഒന്നാണെന്നുമൊക്കെ തിരുവള്ളുവരുടെ ജനനത്തെക്കുറിച്ച് ഐതിഹ്യങ്ങളുണ്ട്.

വള്ളുവർ കുന്ദകന്ദാചാര്യർ എന്ന തീർത്ഥങ്കരനാണെന്നു ജൈനമതാനുയായികൾ വിശ്വസിക്കുന്നു. വൈഷ്ണവർ അദ്ദേഹത്തെ വൈഷ്ണവനായും ശൈവമതക്കാർ ശൈവനായും കരുതുന്നു.

ബാലനായിരുന്നപ്പോൾതന്നെ സകല വിഷയങ്ങളിലും വള്ളുവർ അസാമാന്യ പാണ്ഡിത്യം നേടി. ലോകത്തിലെ വിവിധ ഭാഗങ്ങളിലുള്ള പണ്ഡിതശ്രേഷ്ഠരുമായി അദ്ദേഹം പരിചയപ്പെട്ടു. പല ഭാഷകൾ പഠിച്ചു. ലളിത ജീവിതം നയിച്ചു.

## തിരുക്കുറൾ

തമിഴ്നാട്ടിൽ വേദപുസ്തകം പോലെ പവിത്രമായി കരുതുന്ന ധർമസംഹിതയാണു തിരുക്കുറൾ. കുറൾ വെൺപാ എന്ന ഏറ്റവും ചെറിയ ഈരടികളുള്ള വൃത്തത്തിൽ രചിക്കപ്പെട്ടതിനാൽ കുറൾ എന്നും

# തമിഴകത്തിന്റെ ആത്മീയാചാര്യൻ

പവിത്രമായി കരുതി തിരുക്കുറൾ എന്നും വിളിച്ചു. മുപ്പാനൂൽ, ഉത്തമവേദം, ദൈവന്ദൻ, തിരുവള്ളുവർ, പൊയ്യാമൊഴി, വായുരൈ വാഴ്ത്ത്, തമിഴ്മരം, സത്യവാണി, തിരുക്കുറൾ എന്നിങ്ങനെ ഒമ്പതു പേരുകളിൽ ഈ ഗ്രന്ഥം വ്യവഹരിക്കപ്പെടുന്നു. പുരാതന സുഭാഷിതഗ്രന്ഥമായ ഇതിനെ തമിഴർ വിശുദ്ധഗ്രന്ഥമായി കാണുന്നു.

പുരുഷാർത്ഥങ്ങളായ ധർമം, അർത്ഥം, കാമം എന്നിവയെപ്പറ്റിയാണു തിരുക്കുറളിൽ പ്രതിപാദിച്ചിട്ടുള്ളത്. ഉള്ളടക്കം അറത്തുപ്പാൽ, പൊരുൾപ്പാൽ, കാമത്തുപ്പാൽ എന്നിങ്ങനെ തിരിച്ചിരിക്കുന്നു. ഈ മൂന്നുഖണ്ഡങ്ങളിലെ വസ്തുതകൾ ഉൾക്കൊണ്ടു നേർവഴിയിൽ നിന്നു വ്യതിചലിക്കാതെ ജീവിച്ചാൽ മോക്ഷം അഥവാ മുക്തി സിദ്ധിക്കുമെന്നു തിരുക്കുറൾ പറയുന്നു. കുറുക്കിയെടുത്ത അമൃതാണ് ഓരോ കുറളും എന്നു പറയാം. ഈ വിശുദ്ധഗ്രന്ഥം മലയാളത്തിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്.

*ചില മൊഴിമുത്തുകൾ കേൾക്കുക:*

"വ്യക്തം പഠിക്കുക, കറതീർന്നറിഞ്ഞതിൽ യുക്തിക്കു തക്കപടി നില്ക്ക."



*തിരുവള്ളുവരുടെ പ്രതിമ, കന്യാകുമാരി*



*തിരുവള്ളുവർ കോട്ടം*

(പഠിക്കുന്നതെന്തോ അതു കുറച്ചായാലും കൂടുതലായാലും വ്യക്തമായും വിശദമായും പഠിക്കുക. അങ്ങനെ സമ്പാദിക്കുന്ന അറിവു കറതീർന്നായിരിക്കണം. പിന്നെ ആ അറിവിന്റെ ബലത്തിൽ എങ്ങനെ ജീവിക്കണമോ അങ്ങനെ ജീവിക്കുക.)

"അതിഥി പുറത്തീരുന്നീടവേ താനുണ്ണ-
തമൃതമായാലും നിഷിദ്ധം!"

(അതിഥി പുറത്തിരിക്കുമ്പോൾ അകത്തിരുന്നു ഭക്ഷണം കഴിക്കുന്ന ഗൃഹസ്ഥൻ അമൃതാണു ഭക്ഷിക്കുന്നതെങ്കിലും ചെയ്യാൻ പാടില്ല.)

133 അധ്യായങ്ങളിലായി 1330 ഈരടികളാണു തിരുക്കുറലിലുള്ളത്. ഇതിലെ ഓരോ വരിയിലും കവിയുടെ വ്യക്തമുദ്ര പതിഞ്ഞിരിക്കുന്നു. മാനവജീവിതം, ലോകബന്ധങ്ങൾ, ആചാരമര്യാദകൾ എന്നിവയെല്ലാം ഈ മഹദ്ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. പ്രതിസന്ധികളിൽ ഒരു ഗുരുവെന്നപോലെ ഉപദേശ നിർദേശങ്ങളും പരിഹാരങ്ങളും നല്കി ആരെയും നേർവഴിക്കു നയിക്കാനുതകുന്ന സത്ഗ്രന്ഥമാണിത്.

തമിഴ് സംസ്കാരവും സാഹിത്യവും രൂപപ്പെടുത്തുന്നതിൽ തിരുവള്ളുവർ വഹിച്ച പങ്കു നിസ്തുലമാണ്. ഏതാണ്ടു 15 നൂറ്റാണ്ടുകൾക്കു മുമ്പു ജീവിച്ചിരുന്ന ഒരാൾ എല്ലാ മതവിശ്വാസികളുടെയും പ്രശംസ നേടിയ ഒരു വേദ ഗ്രന്ഥം രചിച്ചുവെന്നതു നമ്മെ അദ്ഭുതപ്പെടുത്തുന്നു. ജനിക്കുമ്പോൾ എല്ലാവരും തുല്യരെന്ന് ഉദ്ഘോഷിച്ച മഹാത്മാവാണദ്ദേഹം.

തിരുവള്ളുവരുടെ സ്മരണയ്ക്കായി ചെന്നൈയിലെ നുങ്കം പാക്കത്തു മനോഹരമായ ഒരു സൗധം പണികഴിപ്പിച്ചിട്ടുണ്ട്. രഥത്തിന്റെ മാതൃകയിലുള്ള ഈ മന്ദിരം 'തിരുവള്ളുവർ കോട്ടം' എന്നറിയപ്പെടുന്നു. തിരുക്കുറലിലെ സുഭാഷിതങ്ങൾ ഇതിന്റെ ഭിത്തികളിൽ ആലേഖനം ചെയ്തിരിക്കുന്നു.

കന്യാകുമാരിയിൽ വിവേകാനന്ദപ്പാറയ്ക്കു സമീപം മറ്റൊരു കടൽപാറയിൽ തിരുവുള്ളവരുടെ ഒരു ഭീമാകാരപ്രതിമ സ്ഥാപിച്ചിട്ടുണ്ട്.

# കേസ് നടത്തിപ്പു കാര്യക്ഷമമാക്കും ലോട്ടറി കേസ് അപാകതകൾ അന്വേഷിക്കും

## കെ.എം.മാണി

ലോട്ടറിക്കേസ് നടത്തിപ്പിനു മുൻ വി.എസ്. ഗവണ്മെണ്ട് കോടികൾ മുടക്കി പുറത്തുനിന്ന് അഭിഭാഷകരെ നിയമിച്ചതു നടപടിക്രമങ്ങളും ചട്ടങ്ങളും തെറ്റിച്ചാണെന്നും അക്കാര്യം അന്വേഷിക്കുമെന്നും ധനമന്ത്രി കെ.എം.മാണി വെളിപ്പെടുത്തി.

സംസ്ഥാന മന്ത്രിസഭ അംഗീകരിച്ച മുതിർന്ന അഭിഭാഷകരുടെ പട്ടികയുണ്ട്. ഇതിനു പുറത്തുനിന്ന് ഏതെങ്കിലുമൊരാളെ നിയമിക്കുന്നതു തെറ്റാണ്.

അഭിഭാഷകർക്കു നല്കേണ്ട ഫീസിനും അംഗീകൃത നിബന്ധനകളുണ്ട്. ലോട്ടറിക്കേസിൽ ഒരു കോടിയിലേറെ രൂപയാണ് അഭിഭാഷകനു നല്കിയത്. ഇതിൽ ക്രമക്കേടുണ്ടെന്നു വ്യക്തമാണ്. പ്രത്യേക അന്വേഷണമില്ലാതെ തന്നെ ഇക്കാര്യം മനസിലാകും. അതിനാൽ അന്വേഷണ കമ്മീഷന്റെയൊന്നും ആവശ്യമില്ല. നിയമപരമായ തെറ്റുകളും ചട്ടലംഘനവും ഉണ്ടായിട്ടുണ്ട്. നിയമവിരുദ്ധവും ചട്ടവിരുദ്ധവുമായി ചെയ്ത കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കും. യുക്തമായ നടപടികളെടുക്കും. എന്നാൽ, പ്രതികാര നടപടികളുണ്ടാകില്ല-അദ്ദേഹം പറഞ്ഞു.

സുപ്രീംകോടതിയിലെ സർക്കാരിന്റെ കേസു നടത്തിപ്പു ഫലപ്രദവും വേഗത്തിലുമാക്കാൻ കംപ്യൂട്ടർനെറ്റ് വർക്കിംഗ്, ഡേറ്റാ എൻട്രി, ഏകോപത്തിനു പ്രത്യേക ഉദ്യോഗസ്ഥർ എന്നിവയടക്കം ഏറെ നടപടികൾ സ്വീകരിച്ചു. സുപ്രീം കോടതിയിൽ കെട്ടിക്കിടക്കുന്ന 1,300ലേറെ കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ നടപടി തുടങ്ങിക്കഴിഞ്ഞു. ഏതെങ്കിലും കേസുകളിൽപുനഃപരിശോധന ആവശ്യമുണ്ടോയെന്നും



പരിശോധിക്കും.

കേസുകളുടെ പുരോഗതി സംബന്ധിച്ചു ദിവസേന അയയ്ക്കുന്ന റിപ്പോർട്ടിനു പുറമേ ആഴ്ചതോറും പ്രത്യേക റിപ്പോർട്ടും അയയ്ക്കാൻ നടപടിയുണ്ടാകും.

സുപ്രീംകോടതിയിലെ ഓരോ കേസും പരിശോധിക്കാൻ പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തും. ഇതിനായി കംപ്യൂട്ടർ നെറ്റ് വർക്കിംഗ് പൂർത്തിയാക്കും. നിയമവകുപ്പും അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസും, ഡൽഹിയിലെ നിയമസെല്ലുമായും സർക്കാർ അഭിഭാഷകരുമായും ഏകോപനത്തോടെ പ്രവർത്തിക്കാനും നടപടിയുണ്ടാകും. വിവിധ വകുപ്പുകൾ ഫയൽ ചെയ്യുന്ന കേസുകളുടെ കാര്യങ്ങൾ ഏകോപിപ്പിക്കാൻ ചീഫ് സെക്രട്ടറി തലത്തിൽ ഒരു പ്രത്യേക ഉദ്യോഗസ്ഥനെ അതതു വകുപ്പിൽ ചുമതലപ്പെടുത്തും. നിയമവകുപ്പിൽ ഒരു നോഡൽ ഓഫീസറെയും നിയമിക്കും.

സുപ്രീംകോടതിയിലെ കേസുകളുടെ വിശദാംശങ്ങൾ സംബന്ധിച്ചു ഡേറ്റാ എൻട്രി ആറുമാസത്തിനകം പൂർത്തിയാക്കും. മുൻ യുഡിഎഫ് ഭരണകാലത്തു താൻ തുടങ്ങിവച്ച നടപടി കഴിഞ്ഞ എൽഡിഎഫ് സർക്കാർ പൂർത്തിയാക്കിയില്ല. അതിന് ആരേയും കുറ്റപ്പെടുത്തുന്നില്ല. തീർപ്പായ കേസുകളുടെ ഫയലുകൾ ഡൽഹി കേരള ഹൗസിലെ കുളിമുറിയിൽ വരെ കൂട്ടിയിട്ടിരിക്കുകയാണ്. പലതും ജീർണാവസ്ഥയിലാണ്. ഇവയെല്ലാം ഡിജിറ്റലൈസ് ചെയ്യുന്നതിനെക്കുറിച്ചു പദ്ധതിറിപ്പോർട്ടു തയ്യാറാക്കും.

കേരള സർക്കാരിന്റെ കേസുകളിൽ പ്രതിഭാഗത്തിനു വേണ്ടി ഏതെങ്കിലും സർക്കാർ അഭിഭാഷകർ മുമ്പു ഹാജരായിട്ടുണ്ടെങ്കിൽ അവരെ ആ കേസിൽ നിന്ന് ഒഴിവാക്കും.

കുരിയാർകുറ്റി - കാരാപ്പാറ കേസിൽ ടി.എം. ജേക്കബിനു വേണ്ടി ഹാജരായിരുന്ന ബീനാ മാധവനെ ഇപ്പോൾ ആ കേസിൽ നിന്നു ഒഴിവാക്കിയ കാര്യം ചോദ്യത്തിനുത്തരമായി മന്ത്രി ചൂണ്ടിക്കാട്ടി. കേരളസർക്കാരിന്റെ സ്റ്റാൻഡിംഗ് കോൺസൽമാരുമായി പ്രത്യേക ചർച്ച നടത്തിയ ശേഷം ഡൽഹിയിൽ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പുതിയ സ്റ്റാൻഡിംഗ് കോൺസൽമാരായ എം.ടി.ജോർജ്, രമേശ് ബാബു, ബീനാ മാധവൻ, ലിസ് മാത്യു, ജോജി സൈമൺ എന്നിവരും മന്ത്രിയോടൊപ്പം ഉണ്ടായിരുന്നു.

♦



*കേരളാ കോൺഗ്രസ് (എം) ആലപ്പുഴ ജില്ലാകമ്മിറ്റിയുടെ സ്വീകരണ സമ്മേളനത്തിന് എത്തിച്ചേർന്ന പാർട്ടി ചെയർമാനും ധനകാര്യവകുപ്പു മന്ത്രിയുമായ കെ.എം.മാണിക്കു കേരളാ നെൽ കർഷക യൂണിയൻ (എം) സംസ്ഥാന പ്രസിഡണ്ട് ജോസ് കോയിപ്പള്ളി വാളും പരിചയും ഉപഹാരമായി നല്കുന്നു. ജലവിഭവ മന്ത്രി പി.ജെ.ജോസഫ്, ജില്ലാ പ്രസിഡണ്ട് ജേക്കബ് തോമസ് അരികുപുറം എന്നിവർ സമീപം.*

## മാമ്മൻമാപ്പിള ജലോത്സവം പ്രവർത്തനോദ്ഘാടനം



*മാമ്മൻ മാപ്പിള ട്രോഫി ജലോത്സവത്തിന്റെ പ്രവർത്തനോദ്ഘാടനം ജലസേചന വകുപ്പ് മന്ത്രി പി.ജെ.ജോസഫ് നിർവഹിക്കുന്നു. ജെയിംസ് ചുങ്കത്തിൽ ഫാ.പ്രദീപ് വാഴത്തറമലയിൽ, ജേക്കബ് കെ.ഉമ്മൻ, വി.കെ. കുര്യൻ, ഡി.കെ. ജോൺ, ലിൻഡ തോമസ്, വിക്ടർ.ടി.തോമസ്, വർഗീസ് ജോൺ, സജി അലക്സ്, സതീഷ് ചാത്തങ്കേരി, വി.ആർ. രാജേഷ്, കുഞ്ഞുകോശി പോൾ എന്നിവർ സമീപം.*

## സിപിഎം കേരളത്തിൽ സ്വൈര്യ ജീവിതം തകർക്കാൻ ശ്രമിക്കുന്നു

വിക്ടർ ടി.തോമസ്



അത്യാവശ്യ സമരങ്ങളും പ്രക്ഷോഭങ്ങളും സംഘടിപ്പിച്ച് അക്രമങ്ങൾ നടത്തി കേരളത്തിൽ സ്വൈര്യജീവിതം തകർക്കാനാണു സിപിഎം ശ്രമിക്കുന്നതെന്നു കേരളാ കോൺഗ്രസ് (എം) പത്തനംതിട്ട ജില്ലാ പ്രസിഡണ്ട് വിക്ടർ ടി.തോമസ് കുറ്റപ്പെടുത്തി. കേരളാ കോൺഗ്രസ് (എം) തിരുവല്ല മണ്ഡലം കൺവെൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മണ്ഡലം പ്രസിഡണ്ട് ബെന്നി കുരുവിള കറ്റോട് അധ്യക്ഷത വഹിച്ചു. പാർട്ടി നിയോജകമണ്ഡലം പ്രസിഡണ്ട് വർഗീസ് ജോൺ യൂത്ത് ഫ്രണ്ട് ജില്ലാ സെക്രട്ടറിമാരായ ജേക്കബ് മാമ്മൻ റെയ്ന ജെ.ജോർജ്, ജോമോൻ ജേക്കബ്, ഷാജി ഏബ്രഹാം, യൂത്ത് ഫ്രണ്ട് നിയോജകമണ്ഡലം പ്രസിഡണ്ട് ബിനു കുരുവിള, നെബു തങ്ങളത്ത്, സന്തോഷ് എം.ജെ, തോമസ് കോശി, രാജീവ്, ജോജൻ മാലിയിൽ, റ്റിജോ വർഗീസ് എന്നിവർ പ്രസംഗിച്ചു.

## തോമസ് കണ്ണന്തറ കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി



കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറിയായി തോമസ് കണ്ണന്തറയെ പാർട്ടി ചെയർമാൻ കെ.എം.മാണി നോമിനേറ്റു ചെയ്തു. കുറവിലങ്ങാട് ദേവമാതാ കോളജ് യൂണിയൻ ജനറൽ സെക്രട്ടറി, കെ.എസ്.സി. ജില്ലാ പ്രസിഡണ്ട്, യൂത്ത് ഫ്രണ്ട് സംസ്ഥാന സെക്രട്ടറി, കേരളാ കോൺഗ്രസ് ജില്ലാ ട്രഷറർ, സെക്രട്ടറി, സെക്യുലർ സംസ്ഥാന സെക്രട്ടറി, കോട്ടയം ജില്ലാ പ്രസിഡണ്ട്, ജില്ലാ സ്പോർട്സ് കൗൺസിൽ മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരളാ കോൺഗ്രസ് സംസ്ഥാന സെക്രട്ടറിയേറ്റ് മെമ്പറും യുഡിഎഫ് ജില്ലാ ഏകോപന സമിതിയംഗവുമാണദ്ദേഹം.

## കുടിവെള്ളക്ഷാമം
# യൂത്ത് ഫ്രണ്ട് (എം) വാട്ടർ അതോറിട്ടി ഓഫീസ് ഉപരോധിച്ചു

തിരുവല്ല നിയോജകമണ്ഡലത്തിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമത്തിന് അടിയന്തിര പരിഹാരം കാണണമെന്നും, ജലവിഭവമന്ത്രിയുടെ നിർദ്ദേശങ്ങൾ യഥാവിധി നടപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്ന ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു യൂത്ത് ഫ്രണ്ട് (എം) നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ തിരുവല്ല വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം ഉപരോധിച്ചു.



ഉപരോധസമരം യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന ജനറൽ സെക്രട്ടറി വി.ആർ. രാജേഷ് ഉദ്ഘാടനം ചെയ്തു. നിയോജക മണ്ഡലം പ്രസിഡണ്ട് ബിനു കുരുവിള അധ്യക്ഷത വഹിച്ചു. യൂത്ത് ഫ്രണ്ട് ഭാരവാഹികളായ റെയ്ന ജെ.ജോർജ്, ബെന്നി കറ്റോട്, സനോജ് മാത്യു, വിനയൻ കവിയൂർ, ഷാജി എബ്രഹാം, തോമസ് കോശി, സന്തോഷ് ജോൺ, കെ.ഒ.വർഗീസ്, സിജി, മണിക്കുട്ടൻ, റ്റിജോ എന്നിവർ ഉപരോധസമരത്തിനു നേതൃത്വം നല്കി

---

# യുജിസി ശമ്പളക്കുടിശ്ശിക സംസ്ഥാന സർക്കാർ നല്കണം

## കെ.പി.സി.ടി.എഫ്

സംസ്ഥാന സർക്കാർ 6-ാം ശമ്പളപരിഷ്ക്കരണത്തിൽ കുടിശ്ശികയായി നല്കുവാനുള്ള തുക എത്രയും വേഗം കോളജധ്യാപകർക്കു നല്കണമെന്നു കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് ഫ്രണ്ട് (കെ.പി.സി.ടി.എഫ്) സംസ്ഥാന കൗൺസിൽ ആവശ്യപ്പെട്ടു.

1-1-2006 മുതൽ ഇൻക്രിമെന്റും 1-3-2010 മുതൽ പൂർണ ശമ്പളവും നല്കിയതു സംസ്ഥാന സർക്കാർ സ്വന്തം ഫണ്ടിൽ നിന്നാണ്. യുജിസി നിർദ്ദേശിച്ചിരുന്ന നിബന്ധന പാലിക്കാതെ സ്വന്തം നിലയിലുള്ള സേവന വേതന വ്യവസ്ഥകളാണു സംസ്ഥാന സർക്കാർ കേരളത്തിൽ നടപ്പാക്കിയത്.

തന്മൂലമാണു കേന്ദ്രഫണ്ട് ലഭ്യമല്ലാതായിരിക്കുന്നത്. അതുകൊണ്ടു കുടിശ്ശിക ശമ്പളം നല്കുവാനുള്ള ബാധ്യത സംസ്ഥാന സർക്കാരിന്റേതാണ്. മുൻ ഗവൺമെണ്ട് ഇക്കാര്യത്തിൽ കോളജധ്യാപകരെ വഞ്ചിക്കുകയായിരുന്നു. അധ്യാപകരെ കേന്ദ്രസർക്കാരിനെതിരെ തിരിച്ചുകൊണ്ടു കബളിപ്പിക്കാനാണ് ഇടതുസംഘടനകൾ ഇന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്നു കൗൺസിൽ കുറ്റപ്പെടുത്തി.

ഗവേഷണ ബിരുദമുള്ള കോളജധ്യാപകർക്കു ബിരുദം ലഭിച്ച തീയതി പരിഗണിക്കാതെ യുജിസി നിർദേശപ്രകാരമുള്ള മൂന്ന് ഇൻക്രിമെന്റുകളും അനുവദിക്കണമെന്നും, സെമസ്റ്റർ സമ്പ്രദായത്തിലെ അപാകതകൾ പരിഹരിച്ചു പരിഷ്ക്കരിക്കുവാൻ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതല ശില്പശാല സംഘടിപ്പിക്കണമെന്നും കൗൺസിൽ ആവശ്യപ്പെട്ടു.

ഡി.ഡി.ഓഫീസുകളിൽ സ്ഥിരം ഡി.ഡി.മാരെ ഉടൻ നിയമിക്കണമെന്നും അപ്രൂവലും പ്രൊമോഷനും തടഞ്ഞുവച്ച് അധ്യാപകരെ ദ്രോഹിച്ചുകൊണ്ടിരിക്കുന്ന സർവകലാശാല സിൻഡിക്കേറ്റുകളെ ഉടൻ പുന:സംഘടിപ്പിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

പ്രസിഡണ്ട് ഡോ.സി.വി.തോമസ് അധ്യക്ഷനായിരുന്നു. പ്രൊഫ.ഷീലാ സ്റ്റീഫൻ യോഗം ഉദ്ഘാടനം ചെയ്തു. സെക്രട്ടറിമാരായ പ്രൊഫ.സി.ടി.ഫ്രാൻസിസ്, പ്രൊഫ.സെബാസ്റ്റ്യൻ ജോസഫ്, പ്രൊഫ. വി.ജെ.വർഗീസ്, പ്രൊഫ. ജോൺ ജോസഫ്, ഡോ.സി.പി.ഹരീന്ദ്രൻ, ഡോ. റോസമ്മ മാത്യു, ഡോ. പോൾസൺ മാത്യു, പ്രൊഫ.ഷാജി സെബാസ്റ്റ്യൻ, പ്രൊഫ.കെ.പി പീറ്റർ, പ്രൊഫ.ജോൺസൺ മാത്യു എന്നിവർ പ്രസംഗിച്ചു.

## പെട്രോൾ വില വർധനവു പിൻവലിക്കണം

യൂത്ത്ഫ്രണ്ട് (എം)



സാധാരണക്കാരന്റെ നടുവൊടിക്കുന്ന അന്യായമായ പെട്രോൾ വിലവർധനവു പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു കേരളാ യൂത്ത് ഫ്രണ്ട് (എം) കോട്ടയം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനം നടത്തി. ജില്ലാ പ്രസിഡണ്ട് സജി മഞ്ഞക്കടമ്പിൽ അധ്യക്ഷത വഹിച്ചു. പ്രസാദ് ഉരുളികുന്നം, സാബു കാലാപറമ്പിൽ, ജയിംസ് പെരുമാംകുന്നേൽ, ജിമ്മിച്ചൻ മണ്ഡപത്തിൽ, ജോബിഷ് തേനാടികുലം, ജിനു കരിമ്പുംകാല, ഷിജി നാഗനൂലിൽ, സിബി വെങ്ങാലൂർ, ജോമി പഴേട്ട്, ജോബി നടുതൊട്ടി, ബിനോയി ചെമ്പകശ്ശേരിൽ, ജോജി കുറത്തിയാടൻ, ഷമീർ ഇടക്കുന്നം, ജോമോൻ മാമലശ്ശേരിൽ, അജിത് മുതിരമല, ജിജോ വരിക്കമുണ്ട, ജോളി മടുക്കക്കുഴി, ജിജോ കാവാലം, കെ.ജെ.സനൽ എന്നിവർ പ്രസംഗിച്ചു.

## ഞായറാഴ്ച സർവീസ് മുടക്കം ബസ് പെർമിറ്റ് റദ്ദാക്കണം

യൂത്ത് ഫ്രണ്ട് (എം)




ഗ്രാമീണ മേഖലയിൽ ഞായറാഴ്ചകളിലും മറ്റു പ്രധാന അവധിദിവസങ്ങളിലും ട്രിപ്പുമുടക്കുന്ന സ്വകാര്യ ബസ്സുകളുടെ പെർമിറ്റ് റദ്ദാക്കണമെന്നു യൂത്ത് ഫ്രണ്ട് (എം) കവിയൂർ മണ്ഡലം കൺവെൻഷൻ ആവശ്യപ്പെട്ടു.

കൺവെൻഷൻ യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന ജനറൽ സെക്രട്ടറി വി.ആർ. രാജേഷ് ഉദ്ഘാടനം ചെയ്തു. നിയോജക മണ്ഡലം പ്രസിഡണ്ട് ബിനു കുരുവിള അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറിമാരായ ജേക്കബ് മാമ്മൻ, റെയ്ന ജെ. ജോർജ്, അഞ്ജു ശങ്കരമംഗലം, കെ.ദിനേശ്, വിനയൻ കവിയൂർ, അനിത മോഹൻ, സിജി പാടിയേക്കൽ, നെബു തങ്ങളം, കെ.ഒ.വർഗീസ്, ബെൻസി ചാക്കോ, രാജീവ് മുണ്ടിയാപ്പള്ളി, ബിജു കുര്യൻ, അജി ഇഞ്ചക്കാടൻ എന്നിവർ പ്രസംഗിച്ചു.

## വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന ബാങ്കുകൾ ഉപരോധിക്കും

തോമസ് ചാഴികാടൻ




സർക്കാർ മാനദണ്ഡമനുസരിച്ചു കേരളത്തിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനായി ബാങ്ക് വായ്പകൾ നിഷേധിക്കുന്ന ദേശസാത്കൃത ബാങ്കുകൾക്കു മുമ്പിൽ അനിശ്ചിതകാല ഉപരോധസമരം ഏർപ്പെടുത്തുമെന്നു കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി തോമസ് ചാഴികാടൻ എക്സ് എംഎൽഎ പറഞ്ഞു.

കേരളാ യൂത്ത് ഫ്രണ്ട് (എം) കോട്ടയം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന ബാങ്കുകളുടെ നിലപാടിൽ പ്രതിഷേധിച്ചു പൊൻകുന്നം ധനലക്ഷ്മി ബാങ്കിലേക്കു നടത്തിയ മാർച്ചും ധർണയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജില്ലാ പ്രസിഡണ്ട് സജി മഞ്ഞക്കടമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന പ്രസിഡണ്ട് അഡ്വ.ജോബ് മൈക്കിൾ മുഖ്യപ്രഭാഷണം നടത്തി. അഡ്വ.പ്രിൻസ് ലൂക്കോസ്, സാജൻ തൊടുക, ഷാജി പാമ്പൂരി, അഡ്വ.സാജൻ കുന്നത്ത്, മൈക്കിൾ ജയിംസ്, ഷോൺ ജോർജ്, ബിജു കുന്നേപ്പറമ്പിൽ, സുമേഷ് ആൻഡ്രൂസ്, തോമസ്കുട്ടി വട്ടക്കാട്ട്, പ്രസാദ് ഉരുളികുന്നം, ബിജു മുളകുപാടം, ജയിസൺ ജോസഫ്, ബാബു മുക്കാല, ജോൺഡിൻ കിഴക്കേത്തലയ്ക്കൽ, സജി കെ.വർഗീസ്, അഡ്വ.ബോസ് ആഗസ്റ്റിൻ, ബിജോയി വാതല്ലൂർ, റിജോ വാളന്തറ, അഞ്ജ് ചിറക്കൽ പുരയിടം, സാബു കണിപറമ്പിൽ, അജിത് മുതിരമല, ജോളി മടുക്കക്കുഴി, ജിജോ വരിക്കമുണ്ട എന്നിവർ പ്രസംഗിച്ചു.



*കേരളാ യൂത്ത് ഫ്രണ്ട് (എം) കാട്ടൂർ മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഓണത്തോടനുബന്ധിച്ചു നിർധന കുടുംബങ്ങൾക്കുള്ള അരിവിതരണം സർഗവേദി സംസ്ഥാന കൺവീനർ ജൂലിയസ് ആന്റണി ഉദ്ഘാടനം ചെയ്യുന്നു. മണ്ഡലം പ്രസിഡണ്ട് എം.എസ്.സലേഷ്, കെ.ആർ.സനു, എ.പി. വിൽസൺ, എം.പി.ലിബീഷ് എന്നിവർ സമീപം.*

## കേരളാ യൂത്ത് ഫ്രണ്ട് (എം) ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽ ശുചീകരണം നടത്തി



കേരളാ യൂത്ത് ഫ്രണ്ട് (എം) കുന്നത്തൂർ നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിലും പരിസരത്തും ശുചീകരണ പ്രവർത്തനം നടത്തി.

ഇതിനുമുന്നോടിയായി ചേർന്ന യോഗം നിയോജക മണ്ഡലം പ്രസിഡണ്ട് പോരുവഴി നിസാറിന്റെ അധ്യക്ഷതയിൽ കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി വഴുതാനത്ത് ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു. യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന ജനറൽ സെക്രട്ടറിമാരായ ഉഷാലയം ശിവരാജൻ, അഡ്വ. സജിത് കോട്ടവിള, പാർട്ടി സെക്രട്ടറിയേറ്റ് അംഗം ബിജു മൈനാഗപ്പള്ളി, ദളിത് ഫ്രണ്ട് (എം) നേതാക്കളായ ഓണംബലം വിശ്വാമിത്രൻ, പോരുവഴി ഓമനക്കുട്ടൻ, പാർട്ടി ജില്ലാ സെക്രട്ടറിമാരായ കല്ലട രവീന്ദ്രൻ പിള്ള മൈനാഗപ്പള്ളി രവികുമാർ, യൂത്ത് ഫ്രണ്ട് (എം) ജില്ലാ സെക്രട്ടറി ഇഞ്ചക്കാട് രാജൻ, കണ്ടോലിൽ മോഹൻ പിള്ള, സി.ജി.ബേബി, ഗണേശൻ, കല്ലട ഷാജി, ശാസ്താംകോട്ട സുജിത്, ജയകുമാരി ഷംസുദീൻ, സീനാ എം. വിൽഫ്രഡ്, ആനയടി സുബാഷ്, ശൂരനാട് ബാബു, കെ.രാധാകൃഷ്ണൻ, റെനീഷ്, കല്ലട സുബാഷ്, ചിറ്റുമല സുജിത്, ശാസ്താംകോട്ട ബിജു, പോരുവഴി അജി, സി.ശിവാനന്ദൻ, ശൂരനാട് ജോൺസൺ, തോപ്പിൽ നിസാർ എന്നിവർ ശുചീകരണ പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കി.

## റബർ കർഷകരെ ഒറ്റപ്പെടുത്താൻ അനുവദിക്കില്ല

അഡ്വ.എ.ജെ.ജോസഫ്



റബർ കൃഷിയെ കാർഷികവൃത്തിയായി അംഗീകരിക്കാൻ കഴിയില്ലെന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിലപാടു തിരുത്തണമെന്നും റബർ കർഷകരെ ഒറ്റപ്പെടുത്താൻ ആരെയും അനുവദിക്കില്ലെന്നും കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. എ.ജെ.ജോസഫ് പറഞ്ഞു. കാസർകോട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് എസ്.ബി.ടിക്കു മുമ്പിൽ നടത്തിയ ധർണ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ജില്ലാ പ്രസിഡണ്ട് പി.വി.മൈക്കിൾ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ജെറ്റോ ജോസഫ്, ജില്ലാ ജനറൽ സെക്രട്ടറി കുര്യാക്കോസ് പ്ലാപ്പറമ്പിൽ, കെ.എം.ചാക്കോ, ജോർജ് പൈനാപ്പള്ളി, കെ.എം. കുര്യാച്ചൻ കവലവടി, അഡ്വ.സന്തോഷ് പുല്ലാട്ട്, ജെയിംസ് ആനിത്തോട്ടം, അഡ്വ.സോജൻ കുന്നേൽ, ഡാനിയേൽ ഡിസൂസ, രാഘവൻ ചേരാൽ, ഷാജി വെള്ളംകുന്നേൽ, ജോസഫ് പടിഞ്ഞാറെക്കുറ്റ്, സേവ്യർ കളരിമുറി, ഷിനോജ് ചാക്കോ, ജെയിംസ് മാരൂർ എന്നിവർ പ്രസംഗിച്ചു.

## ഓണക്കിറ്റു വിതരണം – മരട് മണ്ഡലം കമ്മിറ്റി



കേരളാ കോൺഗ്രസ് (എം) മരട് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ മരട് മണ്ഡലത്തിലെ 250 കുടുംബങ്ങൾക്ക് ഓണക്കിറ്റു വിതരണം ചെയ്തു. മരട് മുനിസിപ്പാലിറ്റി ചെയർമാൻ അഡ്വ.ദേവരാജൻ ഓണക്കിറ്റുകളുടെ വിതരണോദ്ഘാടനം നിർവഹിച്ചു. മരട് മണ്ഡലം പ്രസിഡണ്ട് ടോമി അധ്യക്ഷത വഹിച്ചു. മുനിസിപ്പാലിറ്റി കൗൺസിലർമാരായ അനീഷ് ഉണ്ണി, ആന്റണി മാസ്റ്റർ, കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറിമാരായ അഡ്വ.വി.വി.ജോഷി, എം.എം. ഫ്രാൻസിസ്, നിയോജകമണ്ഡലം ഭാരവാഹികളായ മാത്യു ടി.ജോർജ് ചാഴിക്കാട്ട്, ജോർജ് കോട്ടൂർ, സന്തോഷ് എന്നിവർ പ്രസംഗിച്ചു.

# അമാവാസികൾ നിർമിക്കുന്ന സാംസ്കാരിക ലോകം

പ്രൊഫ.എ.ജി.ഒലീന

*ഏഴാച്ചേരി രാമചന്ദ്രന്റെ ഏറ്റവും പുതിയ കഥാകാവ്യമാണ് അമാവാസികൾ തൊട്ട പാടുകൾ. ശ്രദ്ധേയമായ നൂതനരചനാതന്ത്രം അവലംബിക്കുന്ന ലാവണ്യശില്പം. അറിയപ്പെടുന്ന നവനിരൂപക ഒലീന കാവ്യത്തിന്റെ ആത്മാവിലേക്കു നടത്തുന്ന തീർത്ഥയാത്രയാണ് ഈ ആസ്വാദനം.*

പുസ്തകം പരിഭാഷപ്പെടുത്തിക്കിട്ടും പണവുമായി രണ്ടാൾ ദേശം ചുറ്റാനിറങ്ങുന്നു; സുചിത്രയും വസന്തനും. സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും വിനിമയഭാഷ്യമാണു പരിഭാഷ. ആ പരിഭാഷ നല്കിയ ഊർജവുമായി രണ്ടാൾ ദേശങ്ങളിലൂടെ സഞ്ചരിക്കാനിറങ്ങുമ്പോൾ, സംഗീതവും ചരിത്രവും ഇരുകൈവഴികളിലായൊഴുകുന്ന അതിരുകളില്ലാത്തൊരു സാംസ്കാരിക ഭൂപടം പിറക്കുന്നു. സംഗീതവും ചരിത്രവും നിറച്ച തൂലികയാൽ അവരെഴുതുന്ന സഞ്ചാരകാവ്യത്തിൽ കണ്ടുമറന്നതും നമ്മൾ മറന്നുപോയതുമായ കഥാപാത്രങ്ങൾ, സംഭവങ്ങൾ, സൂചകങ്ങൾ എല്ലാം പിന്നെയും പിന്നെയും നമ്മുടെ ചിന്തയിലേക്കു പ്രവഹിക്കുന്നു.

അങ്ങനെ സംഗീതവും ചരിത്രവും നെഞ്ചിൽ നിറച്ച രണ്ടുപേർക്കൊപ്പം സഞ്ചരിക്കാൻ ഓരോ വായനക്കാരനും വായനക്കാരിയും സന്നദ്ധരാകുമ്പോൾ ഏഴാച്ചേരി രാമചന്ദ്രന്റെ 'അമാവാസികൾ തൊട്ട പാടുകൾ' മലയാളപ്പെരുമയുടെ നാൾവഴിയിൽ അതിന്റെ സ്ഥാനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ഓരോ കവിതയും ഭിന്നമാനങ്ങളോടെ നിർമിക്കുന്ന ഒരു സാംസ്കാരിക ലോകമുണ്ട്. അതു കവിതയുടെ ആന്തരികലോകത്തിന്റെ സവിശേഷമുദ്രയായി നമ്മൾ വായിച്ചെടുക്കുകയും ചെയ്യും. ഭാഷയുടെ ഭാവസംസ്കാരത്തോടൊപ്പം ജനതയുടെ ലോകപദങ്ങളെ അനാവരണം ചെയ്തുകൊണ്ടും കൂടിയാണ് ഈ സാംസ്കാരിക ലോകം അനാവൃതമാകുന്നതും. അമാവാസികൾ തൊട്ട പാടുകളിൽ അനാവൃതമാകുന്ന സാംസ്കാരിക ലോകത്തിന്റെ വൈപുല്യവും വൈവിധ്യവും ഒരു നല്ല വായനക്കാരനെ/വായനക്കാരിയെ വിസ്മയിപ്പിക്കുന്നു. കവിതയുടെയും ജീവിതത്തിന്റെയും നിതാന്തവഴികളിലെ നിത്യസഞ്ചാരിയായ ഒരു കവിക്ക് ഇങ്ങനെയൊരു ലോകമേ നിർമിക്കാൻ കഴിയൂ.




യാത്രയൊരു സാംസ്കാരിക പ്രതീകമായിട്ടേറ്റുവാങ്ങിയിട്ടുള്ള ഏഴാച്ചേരിയെപ്പോലൊരു കവി ഇവിടെ നിർമിക്കുന്ന സാംസ്കാരികലോകത്തിന് ഒരു പാൻ- ഇന്ത്യൻ മാനം കൈവരുന്നതു സ്വാഭാവികം മാത്രം.

വസന്തനും സുചിത്രയും – ചരിത്രമിഥുനങ്ങൾ– തുടങ്ങിയ സഞ്ചാരിയുടെ ആഖ്യാനം സുചിത്രയുടെ പാട്ടിൽ, കറുത്ത ഗസലിൽ, ആരംഭിക്കുന്നു. ആഖ്യാനം പര്യവസാനിക്കുന്നതാകട്ടെ കടൽകൊള്ളക്കാർ പാറയുടച്ചു വിതറിയ തീക്കല്ലുകൾ വിഴുങ്ങിച്ചത്ത മത്സ്യജാതകം പറയാൻ കുഴങ്ങുന്ന കടലിൻ നിസ്സഹായതയുടെ മഹായാനത്തിലും കവിതയിലാദ്യാവസാനം അലയടിച്ചുയരുന്ന പൂർവസ്മൃതികളുടെ മഹാപ്രയാണത്തിൽ വസന്തൻ കുമാരസംഭവത്തിലെ കാമസഖനെ നമ്മുടെ ഓർമയിൽ ക്ഷണിച്ചു വരുത്തുന്നു. സുചിത്രയും സുചിത്രയു'മെന്നിരുവരുമായി സുചിത്രതന്നെ വേർപിരിയുമ്പോൾ വ്യക്തിക്കുള്ളിൽ മറ്റൊരു വ്യക്തിയെന്ന സങ്കല്പത്തിലും നമ്മളെത്തുന്നു.

സർഗാത്മകവേളകളിൽ ഒരുത്തിയും ഉള്ളിൽ മറ്റൊരുത്തിയുമായി പരിണമിക്കുകയും ഒരുത്തി/ഉള്ളിലൊരുത്തി എന്ന ദ്വന്ദ്വകല്പനയുടെ സാർത്ഥകപരിണാമബിംബമായി സുചിത്ര കാവ്യത്തിലുടനീളം നിലകൊള്ളുകയും ചെയ്യുന്നു. അതിനാൽ വ്യത്യസ്ത ജീവിതസന്ദർഭങ്ങളിൽ നിന്നുകൊണ്ടു സുചിത്ര പാടുന്നതു കറുത്ത ഗസലിൽ

*"ബധിരന്മാരാണിന്ത്യൻ*

*കാമുക-രേതു ഋതുക്കളിലും*

*അവർ കറുത്ത ഗസലും മൂളി*

*നടക്കും കായലിറമ്പുകളിൽ"*

എന്നും 'ഗംഗ കടക്കുമ്പോൾ' സുചിത്രയുടെ കൈശികിനിഷാദം,

*"ചതിയന്മാണിന്ത്യൻ കാമുക-*

*രേതുഋതുക്കളിലും, അവർ*

*തുടുത്ത തനുവിൽ*

*ചാരിമയങ്ങും*

*ചാരുകിശോരന്മാർ"* എന്നും തീവണ്ടിയിലെ പാട്ടിലെത്തുമ്പോഴാകട്ടെ,

*"അലസന്മാരാണിന്ത്യൻ*

*കാമുക-രുൽസവരാവുകളിൽ ,*

*അവർ കനത്ത വ്യസനപ്പച്ചകൾ*

*തൊട്ടാൽ ചുംബിക്കാറില്ല"*

എന്നുമാകുന്നു. നേരിടാനുള്ള ജീവിതദുരന്തങ്ങളെ, മുന്തിയ ജീവിതസന്ദർഭങ്ങളെ, മുറിച്ചു കടക്കാനുള്ള ഊർജസ്രോതസ്സായി പ്രണയവും തുടർന്നു രതിവാസനയും പരിണമിക്കുന്നതിന്റെ സൂചനകൾ സുചിത്രയുടെ പാട്ടിൽ മാത്രമല്ല മറ്റനേകം കഥാപാത്രങ്ങളിലും കാണാം.

വിചിത്ര പ്രണയത്തിന്റെ വിസ്മയവിതാനങ്ങൾ താണ്ടി, പാട്ടും കളിയും മുളന്തേൻ നുള്ളലും കൂട്ടും കുരവയും കുമ്മാട്ടിയുമായി നീങ്ങവെ, കൊല്ലത്തുകാരൻ കുമാരകവീശ്വരന്റെ (കുരീപ്പുഴ ശ്രീകുമാർ) 'രാക്കമ്മയുടെ' ചരിതമാകട്ടെ നീലക്കുറിഞ്ഞി മഹോത്സവത്തിനു മാറ്റു കൂട്ടുന്നു. ഇവിടെ ചരിത്രമെന്നതു വർത്തമാനം കൂടിയാണെന്ന് ഏഴാച്ചേരി നമ്മെ ഓർമിപ്പിക്കുന്നു. മലമടക്കുകൾ താണ്ടി മംഗലാപുരത്തേക്കു വരുമ്പോൾ ഏറെ പരിക്ഷീണയായ സുചിത്രയോടു കാരണമായുന്ന വസന്തൻ ജീവിതത്തെ ജീവിതവ്യമാക്കുന്ന സത്യത്തിലെത്തിച്ചേരുന്നതിങ്ങനെയും.

*"അകവിതാനങ്ങളിൽ*

*നിന്നശാന്തരാം*

*വ്യഥകളോടു വിടപറഞ്ഞാലും*

*അവിടെ ജീവിതകവിതാവലികളെ*

*കവിയുമെന്നാൽ വളർത്തൂ*

*സകാമം."*

കവിതയിലുടനീളം കഥാപാത്രങ്ങളുടെ ദുരന്തകഥകൾ പേർത്തും പേർത്തും പറയുമ്പോഴും ഏഴാച്ചേരി ആത്യന്തികമായി കവിതയിൽ വിശ്വാസമർപ്പിക്കുന്നു; മാനവികതയിലും. വിലാപങ്ങൾക്കും നഷ്ടസ്വപ്നങ്ങൾക്കും പ്രളയത്തിനുമൊടുവിൽ പൊന്തിക്കിടക്കുന്നതൊന്നുമാത്രം– അതാകുന്നു കവിത.

ആഖ്യാനത്തിൽ ഇടംപിടിക്കുന്ന ശങ്കരനെമ്പ്രാന്തിരി മുതൽ സാന്താൾ ഗൗരി വരെയുള്ള കഥാപാത്രങ്ങൾ ചരിത്രമിഥുന സഞ്ചാരഗാഥയിൽ വന്നു മിന്നിമറയുന്നവരല്ല, മറിച്ച് ആഖ്യാനഗാത്രത്തിന്നാഴങ്ങളിൽ രേഖപ്പെട്ടവരാണ്. ഓരോ കഥാപാത്രവും ജീവിതസന്ദർഭങ്ങളുമായി ഇണങ്ങിച്ചേർക്കപ്പെട്ടവരും അതേസമയം ചരിത്രപരതയുടെ സാധ്യതകളെ അനുനിമിഷം ഓർമിപ്പിക്കുന്നവരുമാകുന്നു.

മീനാക്ഷി കഥാഗാത്രത്തിലെ ജീവിതാവസ്ഥയോടു താദാത്മ്യപ്പെടുമ്പോൾ, വേണാടിന്റെ ഒരു ചരിത്രസന്ദർഭത്തിലേക്കും നമ്മെ അനായാസം നയിക്കുന്നു. നീലക്കുറിഞ്ഞി വസന്തോത്സവത്തിൽ കുരീപ്പുഴ ചൊല്ലുന്ന കവിതയിലൂടെ ചിത്രണം ചെയ്യപ്പെടുന്ന രാക്കമ്മയുടെ സ്മൃതികളിൽ മഞ്ഞുകായും മലകൾക്കിടയിലെ പീരുമേടിന്റെ ഭൂമിയും പ്രകൃതിയും മാത്രമല്ല പെൺജീവിതത്തിന്റെ ദുരന്തവർത്തമാനവും ഒരുപോലെ വന്നു നിറയുന്നു.

ദയാ ചാണ്ടിയുടെയും രഞ്ജിനി സന്യാലിന്റെയും ജീവിതാവസ്ഥകളുടെ ആഖ്യാനവും കേന്ദ്രാഖ്യാനഗാത്രത്തിൽ അനായാസം ഇഴചേർക്കപ്പെടുന്നു. സുചിത്രാവസന്തന്മാരുടെ സഞ്ചാരപഥങ്ങളിൽ അവരുടെ ജീവിതാവസ്ഥകളോടു സംവദിക്കുന്ന ഈ കഥാപാത്രങ്ങൾ നമ്മുടെ ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും സൂക്ഷ്മസ്ഥലികളിലേക്കു വെളിച്ചം പകരുന്നു.

ഇതിഹാസങ്ങളിൽ നമ്മൾ പരിചയിച്ച ഒരാഖ്യാനതന്ത്രം അമാവാസിയുടെ ആവിഷ്കാരസാധ്യതയെ സഫലമാക്കുകയും ചെയ്യുന്നു. ആഖ്യാനത്തിനുള്ളിൽ ഉപാഖ്യാനങ്ങളുടെ സമ്പന്നത. അതാകട്ടെ കഥാപാത്രങ്ങളുടെ പാട്ടുകളിൽ, ഗസലുകളിൽ, സ്വപ്നത്തിന്റെ കുമ്പസാരങ്ങളിൽ ആത്മാന്വേഷണത്തിൽ, ഒക്കെകൂടിയാണു ജീവിതസന്ദർഭങ്ങളെയും ജീവിതാവസ്ഥകളെയും വ്യാഖ്യാനിക്കുന്നത്.

'നീലദലാർച്ചന'കളിൽ ഭാവഗായകനായ കല്ലറ ഗോപന്റെ പാട്ടിനുള്ളിലും പ്രകൃതിയോടും വ്യാഖ്യാനത്തോടും താദാത്മ്യപ്പെടുന്ന ഒരു കല്പനാലോകം അനാവൃതമാകുന്നു. നമുക്കിടയിൽ ഇപ്പോഴും ജീവിക്കുന്ന കുരീപ്പുഴയും കല്ലറ ഗോപനും കടന്നു വരുന്ന അതേ ആവേഗങ്ങളിൽ തന്നെ ഗിരികന്യകയായ ശങ്കരേശ്വരിയും ശിവകാമിയും കാട്ടിലൊരമാവാസി രാവിൽ നമുക്കു മുന്നിലെത്തുന്നു.

ഇങ്ങനെ കഥാപാത്രങ്ങൾക്കുള്ളിൽ കഥാപാത്രങ്ങളും ആഖ്യാനത്തിനുള്ളിൽ ഉപാഖ്യാനങ്ങളുമായി പ്രവഹിക്കുന്ന കവിതയിലൂടെ നിർമിക്കപ്പെടുന്നത് ഒരു ബൃഹദ്കാവ്യശരീരം തന്നെയാണ്. ഒരു പക്ഷേ, അവിടെ വസന്തനും സുചിത്രയും അർഹിക്കുന്ന ഗൗരവത്തോടെ ജീവിതവികാസം നേടുന്നതായി നമുക്കു പ്രത്യക്ഷത്തിൽ അനുഭവപ്പെടുന്നില്ല.

**കവിതയിലുടനീളം കഥാപാത്രങ്ങളുടെ ദുരന്തകഥകൾ പേർത്തും പേർത്തും പറയുമ്പോഴും ഏഴാച്ചേരി ആത്യന്തികമായി കവിതയിൽ വിശ്വാസമർപ്പിക്കുന്നു; മാനവികതയിലും. വിലാപങ്ങൾക്കും നഷ്ടസ്വപ്നങ്ങൾക്കും പ്രളയത്തിനുമൊടുവിൽ പൊന്തിക്കിടക്കുന്നതൊന്നുമാത്രം– അതാകുന്നു കവിത.**

കാവ്യശരീരത്തിൽ, ഈ കഥാപാത്രങ്ങൾ നിർവഹിക്കുന്ന ക്രിയാംഗവും ചോദ്യം ചെയ്യപ്പെട്ടേക്കാം. വാസ്തവത്തിലിവിടെ എഴുത്തെന്ന പ്രക്രിയയുടെ അർത്ഥമാനങ്ങൾ തന്നെ പരിവർത്തിക്കപ്പെടുകയാണ്.

ചരിത്രമിഥുനങ്ങളുടെ ആഖ്യാനത്തിലൂടെ പരിചയപ്പെടുത്തുന്ന കഥാപാത്രങ്ങൾ തന്നെ പരിഭാഷയുടെ സാംസ്കാരിക സീമയിലേക്കാണു സന്നിവേശിക്കപ്പെടുന്നത്.

യാത്രയിലൂടെ പരിചയപ്പെടുത്തുന്ന കഥാപാത്രങ്ങൾ തന്നെ പരിഭാഷയുടെ സാംസ്കാരിക സീമയിലേക്കാണു സന്നിവേശിപ്പിക്കപ്പെടുന്നത്. യാത്രയിലൂടെ വീണ്ടെടുക്കപ്പെടുന്ന ഈ കഥാപാത്രങ്ങൾ–മൺമറഞ്ഞവരും നമ്മോടൊപ്പമുള്ളവരുമായ സാംസ്കാരിക പ്രതിനിധാനങ്ങളായി കവിതയിലേക്കു പരിഭാഷപ്പെടുന്നു.

ആ അർത്ഥത്തിൽ പരിഭാഷയും യാത്രയും ഭിന്നമാനങ്ങളിലല്ല ഈ കവിതയിൽ പ്രതിനിധാനം ചെയ്യപ്പെടുന്നത്. യാത്ര, പരിഭാഷ. ആഖ്യാനം എന്നീ വ്യവഹാരങ്ങൾ ഇവിടെ അന്യോന്യം പൂരിപ്പിക്കപ്പെടുന്നു.

ആഖ്യാനകലയിൽ നിർവഹിക്കുന്ന ജാഗ്രത ഏഴാച്ചേരിയുടെ ബിംബകല്പനയിലും വാങ്മയചിത്രങ്ങളിലും നമ്മളറിയുന്നു. കാലപ്പകർച്ചയിൽ സുചിത്ര വസന്തനോടൊപ്പം നടത്തുന്ന സഞ്ചാരപഥത്തിന്റെ രേഖാചിത്രം അമാവാസികൾ തൊട്ടപാടുകളിലെ മഹാപ്രയാണത്തെ മാർഗനിർദേശം ചെയ്യുന്നു.

അശാന്തവ്യഥകളോടു കവിത കൊണ്ടു വിടപറയാനുള്ള വസന്തന്റെ പ്രേരണയാൽ, കാദംബരിയ്ക്കരികിലെ തുലാമാസനിലാവായി സുചിത്രയെ ഏഴാച്ചേരി കല്പന ചെയ്യുന്നുണ്ട്. മാത്രമല്ല വളരെവേഗം ഋതുപരിരംഭണസ്മരണയാർന്നൊരു ചെമ്പകം പോലെയും സുചിത്ര പരിവർത്തിക്കപ്പെടുന്നു.

കവിതയിലെ ഓരോ ബിംബവും പൂർവസ്മൃതികളിലേക്കാനയിക്കുമ്പോലെ ചെമ്പകപ്പൂവു ലീലാകാവ്യത്തിന്റെ പരിസരങ്ങളിലേക്കു നമ്മെ കൊണ്ടുപോകുന്നു. ലീലാചെമ്പകപ്പൂവെന്ന് ആശാൻ. ഉദാരശോഭയുള്ള പുഷ്പമെന്നദ്ദേഹം ചെമ്പകപ്പൂവിനെ വിശേഷിപ്പിക്കുന്നു.

പ്രകടമായ സൗരഭ്യവും ഉജ്ജ്വലമായ കാന്തിയും ചെമ്പകപ്പൂവിനെ വ്യത്യസ്ഥയാക്കുന്നു. സ്ത്രീയുടെ മന്ദഹാസത്താൽ ചെമ്പകം പൂക്കുമെന്നു പഴമക്കാർ വിശ്വസിക്കുന്നു. കടുത്ത ഗന്ധത്താൽ എല്ലാ വണ്ടുകൾക്കും ചെമ്പകത്തിനടുത്തെത്താൻ കഴിയാറുമില്ലത്രെ. മാത്രമല്ല ഒരു വണ്ടിനെ മാത്രം സ്വീകരിക്കുന്ന പൂവെന്നു ചെമ്പകത്തിനു വിശേഷണവും.

സുചിത്രയെ ചെമ്പകപ്പൂവായി ഭാവനചെയ്യുമ്പോൾ നമുക്കു മുന്നിൽ തെളിയുന്നതു ഭാഷയുടെ അബോധത്തിൽ കവി ഒളിപ്പിച്ചുവച്ച ഒരു വിസ്മയലോകം. ഇത്തരത്തിൽ കാവ്യഭാഷയുടെ അബോധത്തിലൂടെ കടന്നുപോകുന്ന അനുവാചകർക്ക് അമാവാസികൾ ഒരുക്കിയിടുന്നത് ഒരു വിസ്മയലോകം തന്നെ.

കടുത്ത ഗന്ധത്താൽ എല്ലാ വണ്ടുകൾക്കും ചെമ്പകത്തിനടുത്തെത്താൻ കഴിയാറുമില്ലത്രെ. മാത്രമല്ല ഒരു വണ്ടിനെ മാത്രം സ്വീകരിക്കുന്ന പൂവെന്നു ചെമ്പകത്തിനു വിശേഷണവും. സുചിത്രയെ ചെമ്പകപ്പൂവായി ഭാവനചെയ്യുമ്പോൾ നമുക്കു മുന്നിൽ തെളിയുന്നതു ഭാഷയുടെ അബോധത്തിൽ കവി ഒളിപ്പിച്ചുവച്ച ഒരു വിസ്മയലോകം. ഇത്തരത്തിൽ കാവ്യഭാഷയുടെ അബോധത്തിലൂടെ കടന്നുപോകുന്ന അനുവാചകർക്ക് അമാവാസികൾ ഒരുക്കിയിടുന്നത് ഒരു വിസ്മയലോകം തന്നെ.

പുഴയും തോണിയും കുന്നും മലകളും പാടങ്ങളും മരുമണ്ണുമൊക്കെ നിറഞ്ഞ ഒരു പാൻ– ഇന്ത്യൻ പരികല്പനയുടെ വിശാലഭൂമികയിലാണു കവിതയുടെ അടിത്തറയങ്കിലും മലയാളകവിതയുടെ ജൈവവസന്തം-ദ്രാവിഡത്തനിമ– അമ്പതു ഖണ്ഡങ്ങളിലായി വികസിക്കുന്ന ആഖ്യാനഗാത്രത്തിലാദ്യാവസാനം നിലനില്ക്കുന്നുണ്ട്.

ഭൂമിശാസ്ത്രത്തിന്റെ വിസ്തൃതിയ്ക്കൊപ്പം സാംസ്കാരികലോകത്തിന്റെ വിസ്തൃതിയും ചേർന്ന അമാവാസിയെന്ന നീണ്ടകവിത ഒരു സഞ്ചാരാനുഭവത്തിന്റെ പ്രത്യക്ഷം കൂടിയാകുന്നു.

‘എന്നെത്തിരയുന്നിതെന്നിലെ ഞാനെന്ന’ സുചിത്രയുടെ പാട്ടിൽ അക്ഷരലോകങ്ങൾക്കൊരിക്കലും അന്യമാകാത്ത കൃതികളിലൂടെ അവർ സഞ്ചരിക്കുന്നു. അവിടെ നിന്നും സ്വപ്നങ്ങൾക്കൊരു ബാക്കിപത്രമായി പ്രകൃതിയൊരുക്കിയ വിരുന്നിലേക്കു നമ്മെ കൂട്ടിക്കൊണ്ടുപോവുകയും ചെയ്യുന്നു.

യാത്രയങ്ങനെ മുല്ലനേഴിയുടെ പാട്ടിലും സാന്താൾഗൗരിയുടെ പാട്ടിലുമായി തുടരുമ്പോൾ ഇടയിൽ തെളിയുന്ന സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും പ്രകൃതിയുടെയും സുവർണ മുദ്രകൾ വായനക്കൊടുവിൽ നമ്മുടെ ഓർമയെ നിറംപിടിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

ആഖ്യാനകവിതയുട മികച്ച മാതൃകയിലേക്ക് ‘അമാവാസികൾ തൊട്ട പാടുകൾ’ മുദ്രപ്പെടുത്തുമ്പോൾ ഏഴാച്ചേരി രാമചന്ദ്രൻ സമകാല മലയാള കവിതയിൽ വ്യത്യസ്തമായ ഒരു കാവ്യമാതൃക അവതരിപ്പിക്കുക മാത്രമല്ല, എല്ലുറപ്പും ഉറപ്പുമുള്ള ഒരു നല്ല കവിത മലയാളിക്കു സമ്മാനിക്കുക കൂടിയാണ്.

*****

# ന്യൂസ് ഡയറി

(16-22 സെപ്റ്റംബർ 2011)

പി.ആർ.




16. ഗുരുവായൂർ ക്ഷേത്രത്തിൽ ഒക്ടോബർ ഒന്നുമുതൽ ആറുമാസത്തേക്കു മേൽശാന്തിയായി പൊട്ടക്കുഴി മനയിൽ കൃഷ്ണൻനമ്പൂതിരിയെ തെരഞ്ഞെടുത്തു.

- സ്വാതന്ത്ര്യസമര സേനാനി കോഴിപ്പുറത്ത് മാധവമേനോന്റെ ഭാര്യ എ.പി.ലക്ഷ്മിയമ്മ (102) അന്തരിച്ചു.

17. സംസ്ഥാന ലോട്ടറിയുടെ ഓണം ബംപർ ഒന്നാം സമ്മാനമായ അഞ്ചുകോടിരൂപ കൊല്ലം സ്വദേശിയും ഹോട്ടൽ തൊഴിലാളിയുമായ അബ്ദുൾ ലത്തീഫിന്.

- പെട്രോൾ വിലവർധനവിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് ആശ്വാസം പകരുന്നതിനായി ലിറ്ററിനു വില്പന നികുതിയിനത്തിൽ അധികമായി ലഭിക്കുന്ന 70 പൈസ സംസ്ഥാനസർക്കാർ വേണ്ടെന്നു വച്ചു.



18. കർഷകസംഘം സംസ്ഥാന സെക്രട്ടറിയായിരിക്കെ 24 ലക്ഷം രൂപയുടെ തിരിമറി നടത്തിയെന്നു ചൂണ്ടിക്കാട്ടി സിപിഎം സംസ്ഥാനകമ്മിറ്റി അംഗവും കണ്ണൂരിൽ നിന്നുള്ള മുതിർന്ന നേതാവുമായ സി.കെ.പി.പദ്മനാഭനെ തിരഞ്ഞെടുക്കപ്പെട്ട എല്ലാ പാർട്ടി സ്ഥാനങ്ങളിൽ നിന്നും നീക്കി.



19. മാതാ അമൃതാനന്ദമയി മഠം സമ്മാനിക്കുന്ന അമൃതകീർത്തി പുരസ്കാരത്തിന് (1,23,456 രൂപ) മാതൃഭൂമി മാനേജിംഗ് ഡയറക്ടർ എം. പി.വീരേന്ദ്രകുമാർ രചിച്ച 'ഹൈമവതഭൂവിൽ' തെരഞ്ഞെടുക്കപ്പെട്ടു.



- ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ സ്വത്തു രാഷ്ട്രസമ്പത്താണെന്നും ക്ഷേത്രഭരണത്തിനു രാജകുടുംബത്തിന്റെ കൂടി പ്രതിനിധികളെ ഉൾപ്പെടുത്തി ഗുരുവായൂർ മാതൃകയിൽ സംവിധാനമുണ്ടാക്കണമെന്നും സിപിഎം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ.



20. കമ്പനി, ഓഹരി വിപണി നിയമവിദഗ്ധനും സെക്യൂരിറ്റീസ് അപ്ലറ്റ് ട്രൈബ്യൂണൽ പ്രഥമ പ്രിസൈഡിങ് ഓഫീസറും ആയ സി.അച്യുതൻ (69) ശബരിമലയിൽ ദർശനത്തിനായി കാത്തുനില്ക്കവെ ഉണ്ടായ ഹൃദയാഘാതത്തെ തുടർന്ന് അന്തരിച്ചു.

21. എ.ബി.ഡി.സഹായത്തോടെ സംസ്ഥാനത്തെ 1000 കിലോമീറ്റർ റോഡ് 5100 കോടിരൂപ ചിലവിൽ രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിയിൽ റോഡുകൾ തെരഞ്ഞെടുക്കുന്നതിനായി വിൽസൺ സ്മിത്ത് അസോഷ്യേറ്റ്സിനെ കൺസൽറ്റന്റായി ചുമതലപ്പെടുത്തി.

- ശ്രീനാരായണ ഗുരുദേവന്റെ 84-ാമതു മഹാസമാധി ദിനാചരണം ശിവഗിരിയിലെ മഹാസമാധിയിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു.



22. കാലിക്കട്ട് സർവകലാശാലയിലെ സിപിഎം നിയന്ത്രണത്തിലുള്ള സിൻഡിക്കേറ്റും സെനറ്റും ചാൻസലർ കൂടിയായ ഗവർണർ പിരിച്ചുവിടുകയും താത്ക്കാലികമായി പുതിയ സിൻഡിക്കേറ്റിനെ നിയമിക്കുകയും ചെയ്തു.




16. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റീപോ നിരക്ക് 8.25 ശതമാനമായും റിവേഴ്സ് റീപോ നിരക്ക് 7.25 ശതമാനമായും ഉയർത്തി.



- ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുതീരുന്നതുവരെ എൻഡോസൾഫാന്റെ ഉത്പാദനവും കയറ്റുമതിയും സ്റ്റോക്കാം ധാരണ അനുവദിക്കുന്നുണ്ടെന്നു സുപ്രീംകോടതി നിയോഗിച്ച സംയുക്ത സമിതി.



- റെയിൽ സുരക്ഷ സംബന്ധിച്ചു വിശദമായി പഠിക്കാനും പിഴവുകൾ പരിഹരിക്കാനും ആണവോർജ കമ്മീഷൻ മുൻ തലവൻ അനിൽ കകോദ്കറുടെ നേതൃത്വത്തിൽ ഉന്നതാധികാരസമിതിയെ കേന്ദ്രസർക്കാർ നിയോഗിച്ചു.



17. ഇന്ത്യൻ ക്രിക്കറ്റ് ടീം മുൻ ക്യാപ്റ്റനും കോൺഗ്രസ് എംപിയുമായ മുഹമ്മദ് അസ്ഹറുദീന്റെ മകൻ ബൈക്കപകടത്തിൽ പരിക്കേറ്റു ചികിത്സയിലായിരുന്ന അയാസുദ്ദീൻ(16) മരിച്ചു.



* ആഗ്രയിൽ താജ്മഹലിനു സമീപമുള്ള ജയ് ഹോസ്പിറ്റലിന്റെ റിസപ്ഷനിലുണ്ടായ സ്ഫോടനത്തിൽ ആറുപേർക്കു പരിക്ക്.

**18.** മലയാള സിനിമയിലെ ആദ്യ ഗായകനും പ്രശസ്ത സംഗീതജ്ഞനുമായ സംഗീത കലാനിധി ടി.കെ.ഗോവിന്ദറാവു (83) അന്തരിച്ചു.

* സിക്കിം, യു.പി, രാജസ്ഥാൻ, ബീഹാർ, ജാർഖഢ്, അസം എന്നീ സംസ്ഥാനങ്ങളിലെ വിവിധ പ്രദേശങ്ങളിൽ ശക്തമായ ഭൂചലനത്തെത്തുടർന്നു കെട്ടിടങ്ങൾ തകർന്ന് 18 പേർ കൊല്ലപ്പെട്ടു.

**19.** ബി.സി.സി.ഐക്കു ബാങ്കു ഗ്യാരണ്ടി നല്കേണ്ട 156 കോടി രൂപ നല്കാത്തതിനെ തുടർന്ന് ഇന്ത്യൻ പ്രീമിയർ ലീഗിൽ നിന്നും കൊച്ചി ടസ്കേഴ്സ് കേരളയെ പുറത്താക്കി.

* പ്രമുഖ കന്നഡ സാഹിത്യകാരൻ ചന്ദ്രശേഖർകമ്പാറക്കിനെ (74) 2010ലെ ജ്ഞാനപീഠ പുരസ്കാരത്തിനായി തെരഞ്ഞെടുത്തു.



* ഒന്നാം യുപിഎ സർക്കാരിനനുകൂലമായി വിശ്വാസവോട്ടെപ്പിൽ വോട്ടു ചെയ്യുന്നതിനു കോഴ നല്കിയ പണം കോൺഗ്രസ് നേതാവ് അഹമ്മദ് പട്ടേലാണു നല്കിയതെന്ന് അമർസിങ്ങിനു വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ റാം ജെഠ്മലാനി സുപ്രീംകോടതിയിൽ പറഞ്ഞു.

* സുപ്രീം കോടതിയിലെ മുതിർന്ന ജഡ്ജി ജസ്റ്റിസ് മാർക്കണ്ഡേയ കട്ജു വിരമിച്ചു.



* അഹമ്മദാബാദിലെ ഗുജറാത്ത് സർവകലാശാല കൺവെൻഷൻ സെന്ററിൽ മുഖ്യമന്ത്രി നരേന്ദ്ര മോഡി മൂന്നു ദിവസമായി നടത്തിവന്ന 'സദ്ഭാവന ഉപവാസം' അവസാനിപ്പിച്ചു.



* പ്രതിദിനം 25 രൂപയിൽ കൂടുതൽ വരുമാനമുള്ളവർ ദാരിദ്ര്യരേഖയ്ക്കു മുകളിലാണെന്ന് ആസൂത്രണ കമ്മീഷൻ സുപ്രീംകോടതിയിൽ സത്യവാങ്മൂലം നല്കി.

**20.** കൊച്ചി പുതുവൈപ്പിലെ എൽ.എൻ.ജി ടെർമിനലിൽ നിന്നും കായംകുളം താപവൈദ്യുത നിലയത്തിലേക്ക് 125 കി.മീ. ദൈർഘ്യത്തിൽ പ്രകൃതിവാതക പൈപ്പ്ലൈൻ സ്ഥാപിക്കാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് അനുമതി നല്കി.

* പ്രമുഖ ഹിന്ദി സാഹിത്യകാരൻമാരായ അമർ കാന്ത്, ശ്രീലാൽ ശുക്ല എന്നിവരെ 2009ലെ ജ്ഞാനപീഠം പുരസ്കാരത്തിനായി തെരഞ്ഞെടുത്തു.

**21.** ഐ.പി.എൽ ഫ്രാഞ്ചൈസി ബാങ്ക് ഗാരന്റിത്തുകയായ 154 കോടി രൂപ ബിസിസിഐ ഉപയോഗിക്കുന്നതിനെതിരെ കൊച്ചി ടസ്ക്കേഴ്സ് കേരള നല്കിയ പരാതി ഹൈക്കോടതി തള്ളി.

* ആകാശവാണിയിലെയും ദൂരദർശനിലെയും ആകെയുള്ള ഒൻപതു തൊഴിലാളി സംഘടനകളുടെയും അംഗീകാരം കേന്ദ്രസർക്കാർ റദ്ദാക്കി.

**22.** ജനങ്ങളുടെ ഭീതിയകറ്റുംവരെ കൂടംകൂളം ആണവപദ്ധതിയുമായി ബന്ധപ്പെട്ട പണികൾ നിർത്തണമെന്നു തമിഴ്നാട് മന്ത്രിസഭ പ്രമേയം പാസ്സാക്കി.

* ഇന്ത്യൻ ക്രിക്കറ്റ് ടീം മുൻ നായകൻ മൻസൂർ അലിഖാൻ പട്ടൗഡി (70) അന്തരിച്ചു.



* പ്രൊഫ.ഭാസ്കർ രാമമൂർത്തിയെ മദ്രാസ് ഐ.ഐ.ടി ഡയറക്ടറായി നിയമിച്ചു.




**16.** ഡെൻമാർക്കിലെ ആദ്യ വനിതാ പ്രധാനമന്ത്രിയായി സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയുടെ ഹെലെ തോണിംഗ് സ്മിത്ത് (44) തെരഞ്ഞെടുക്കപ്പെട്ടു.



**17.** ജപ്പാനിലെ സുനാമി ദുരിതബാധിതരുടെ പുനരധിവാസത്തിനായി പത്തുലക്ഷം ഡോളർ (45 കോടിരൂപ) മാതാ അമൃതാനന്ദമയി മഠം കൈമാറി.

**18.** യെമനിൽ മുപ്പത്തിമൂന്നു വർഷമായി അടിച്ചമർത്തൽ ഭരണം നടത്തുന്ന അലി അബ്ദുള്ള സാലിഹിനെതിരെ തലസ്ഥാനമായ സനയിൽ നടന്ന വെടിവയ്പിൽ 26 പേർ കൊല്ലപ്പെട്ടു.

**19.** ലഹരിമരുന്നു കള്ളക്കടത്തുമായി ബന്ധപ്പെട്ടു ശിക്ഷിക്കപ്പെട്ട 22 പേരെ ഇറാനിൽ തൂക്കിക്കൊന്നു.

* മിനിസ്ക്രീനിലെ ഓസ്കാർ എന്നറിയപ്പെടുന്ന എമ്മി പുരസ്കാരത്തിനായി കെയ്റ്റ് വിൻഡ്ലെറ്റിൻ തെരഞ്ഞെടുക്കപ്പെട്ടു.

**20.** അഫ്ഗാനിസ്ഥാൻ മുൻ പ്രസിഡണ്ടും ഉന്നത സമാധാനസമിതി തലവനുമായ ബുർഹാനുദീൻ റബ്ബാനി(71) കാബൂളിലെ സ്വവസതിയിൽ ചാവേറാക്രമണത്തിൽ കൊല്ലപ്പെട്ടു.



**21.** പാകിസ്ഥാനിലെ ബലൂചിസ്ഥാൻ പ്രവിശ്യയിൽ ഷിയാ വിഭാഗത്തിൽ പെട്ട 28 മുസ്ലീങ്ങളെ നിരോധിതസംഘടനയായ ലഷ്കറെ ജംഗ്വിയിൽപെട്ട ഭീകരർ വെടിവച്ചുകൊന്നു.

**22.** പാകിസ്ഥാനിലെ കറാച്ചി നഗരത്തിൽ താലിബാൻ ചാവേറുകൾ നടത്തിയ ആക്രമണത്തിൽ എട്ടു പേർ കൊല്ലപ്പെട്ടു.

* ആഫ്രിക്കൻ ദ്വീപരാഷ്ട്രമായ കേപ്പ് വെർദെയുടെ പ്രഥമ പ്രസിഡണ്ടും സ്വാതന്ത്ര്യ സമര നായകനുമായ അരിസ്റ്റിഡെസ് പെരേര (87) അന്തരിച്ചു.



*****




# ഭാഷയുടെ കാര്യം പ്രത്യേകം നോക്കണം

**ഡോ. കെ.വി. തോമസ്**

"ഭാഷയുടെ കാര്യമൊക്കെ ആരു നോക്കുന്നു! എങ്ങനെയെങ്കിലും കാര്യം ധരിപ്പിച്ചാൽ പോരേ" എന്ന മട്ടുകാരാണു മിക്കവരും. 'എങ്ങനെയെങ്കിലും' പറഞ്ഞാൽ 'എന്തെങ്കിലും' അർത്ഥമേ കിട്ടൂ. ഉദ്ദേശിച്ച അർത്ഥം തന്നെ അപരനു കിട്ടണമെങ്കിൽ പറയേണ്ടതുപോലെ പറയണം. ഭാഷാപ്രയോഗത്തിലുണ്ടായ സൂക്ഷ്മതക്കുറവുകൊണ്ടാണു കുംഭകർണൻ വലിയ ഉറക്കക്കാരനായത് എന്നു പുരാണം. 'നിർദേവത്വം' (ദേവന്മാരില്ലാത്ത അവസ്ഥ) എന്ന വരം ചോദിക്കാനിരുന്നതാണു കക്ഷി. തിരക്കിട്ടു ചോദിച്ചപ്പോൾ നാക്കു പിഴച്ചു. ചോദിച്ചതു 'നിദ്രാവത്വം' എന്നായി. അതുടൻ അനുവദിച്ചു കിട്ടുകയും ചെയ്തു. രണ്ടാംലോകമഹായുദ്ധത്തിനു കാരണമായത് ഇത്തരമൊരു പിഴവാണ് എന്നതു ചരിത്രം. അമേരിക്കൻ താവളമായ 'പേൾ ഹാർബർ' ജപ്പാൻ ബോംബിട്ടു നശിപ്പിച്ചതു മൂലമാണു അമേരിക്ക യുദ്ധത്തിനിറങ്ങിയതും യുദ്ധഗതി പാടേ മാറിയതും. ഒരു സന്ദേശം പരിഭാഷപ്പെടുത്തുന്നതിൽ വന്ന പിഴവുമൂലമാണ് ജപ്പാൻ അന്നങ്ങനെയൊരു സാഹസം പ്രവർത്തിച്ചത്. 'അവഗണിക്കുക' എന്നു പരിഭാഷപ്പെടുത്തേണ്ടിയിരുന്ന ഒരു പദം 'പരിഗണിക്കുക' എന്നു ഭാഷാന്തരം ചെയ്തതാണ് എല്ലാ കുഴപ്പങ്ങൾക്കും കാരണം. നിരന്തരം വിവരങ്ങൾ ഒഴുകിയെത്തുന്ന ആധുനിക കർമരംഗങ്ങളിൽ ഭാഷാപ്രയോഗത്തിന്റെ സൂക്ഷ്മത എത്രമാത്രം പ്രധാനമാണെന്ന് ഈ സംഭവം നമ്മെ അനുസ്മരിപ്പിക്കുന്നു.

തിരക്കും ഉദാസീനതയും അജ്ഞതയും മൂലം ഭാഷയിൽ ചെറുതും വലുതുമായ അസംഖ്യം തെറ്റുകൾ അനുദിനം ആവിർഭവിച്ചുകൊണ്ടിരിക്കുന്നു. അറിവുള്ളവർക്കുപോലും തെറ്റുപറ്റുന്നു എന്നതാണു നേര്. എന്നാൽ, ഇതോടൊപ്പം 'നല്ല മലയാളം ഉപയോഗിക്കുന്നതും അന്തസ്സിനു കോട്ടം വരുത്തും' എന്നു വിശ്വസിക്കുന്ന ഒരു പുതിയ വർഗം ഉയർന്നു വരുന്നുണ്ട്. അവരെ നന്നാക്കാനാവില്ല. എന്നാൽ, നല്ല മലയാളം ഉപയോഗിക്കണമെന്നാഗ്രഹിക്കുകയും വിവിധ കാരണങ്ങൾകൊണ്ടു പലപ്പോഴും അതിനു കഴിയാതെവരുകയും ചെയ്യുന്നവർക്കു മാർഗനിർദേശം നല്കുന്ന പുസ്തകങ്ങൾ ഉണ്ടാവണം. കേരളപാണിനിതന്നെ അങ്ങനെ ചില ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. പിന്നീടു ജി. ശങ്കരക്കുറുപ്പ്, കുട്ടിക്കൃഷ്ണമാരാർ, സി.വി. വാസുദേവ ഭട്ടതിരി, പൻമന രാമചന്ദ്രൻ നായർ തുടങ്ങിയ ഒട്ടേറെപ്പേർ ഈ രംഗത്തു കനപ്പെട്ട സംഭാവനകൾ നല്കിയിട്ടുണ്ട്. ('ആധുനിക മലയാള ശൈലി' എന്ന പേരിൽ ഈ ലേഖകനും ഈ ഗണത്തിൽ ഒരു പുസ്തകമെഴുതിയിട്ടുണ്ട്.) ഇക്കൂട്ടത്തിൽ ഏറെ പ്രസിദ്ധം കുട്ടിക്കൃഷ്ണമാരാരുടെ 'മലയാളശൈലി'യാണ്.




പക്ഷേ, ആ ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ട് ആറു പതിറ്റാണ്ടിലേറെയായി. ഇതിനകം മലയാളഭാഷയ്ക്കുണ്ടായ മാറ്റത്തെ ഉൾക്കൊള്ളാൻ 'മലയാളശൈലി' അപര്യാപ്തമാണ്. കാലം മാറുന്നതിനനുസരിച്ചു പുതിയ ഗ്രന്ഥങ്ങൾ ഉണ്ടാവണം. ദീർഘകാലം മലയാളം അധ്യാപകനായിരുന്ന ശ്രീ. ചാക്കോ സി. പൊരിയത്ത് രചിച്ച 'മലയാളത്തിന്റെ വർത്തമാനം' എന്ന ഗ്രന്ഥത്തിന്റെ പ്രസക്തി അതാണ്.

ലിപിവിന്യാസം, പദരചന, വാക്യരചന എന്നിവയിൽ സർവസാധാരണമായി കാണുന്ന തെറ്റുകളെ നർമമധുരമായ ശൈലിയിൽ അദ്ദേഹം വിശകലനം ചെയ്യുന്നു. മലയാളത്തിന്റെമേൽ ഇംഗ്ലീഷ് കടന്നുകയറി ഒരു വികൃതഭാഷ രൂപപ്പെടുന്ന സമകാലിക പ്രക്രിയയെ പല്ലും നഖവുമുപയോഗിച്ച് എതിർക്കാൻ അദ്ദേഹം മടികാണിക്കുന്നില്ല.

ആശയങ്ങൾ വെറുതെ പറഞ്ഞുപോകുകയല്ല അദ്ദേഹം. ഓരോ കാര്യവും മനസ്സിൽ തറയ്ക്കുംവിധം ഒരു കഥയുടെയോ നർമത്തിന്റെയോ മേലങ്കി അണിയിച്ചാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. ശുഷ്കമായ വ്യാകരണകാര്യങ്ങൾ എവിടെയുമില്ല. ഈ സവിശേഷതയാണ് ഈ ഗ്രന്ഥത്തെ അത്യന്തം പാരായണക്ഷമവും പ്രയോജനപ്രദവും ആക്കുന്നത്. പൂർവസൂരികളുടെ ആശയങ്ങളെ യഥാവിധി പ്രയോജനപ്പെടുത്താനും വേണ്ടയിടങ്ങളിൽ അവരോടു വിയോജിപ്പു പ്രകടിപ്പിക്കാനും ഗ്രന്ഥകർത്താവു ശ്രമിക്കുന്നുണ്ട്. 'ഒരു'വിന്റെ പ്രയോഗത്തെ സംബന്ധിച്ച കുട്ടികൃഷ്ണമാരാരുടെ അഭിപ്രായത്തെ നിരൂപിക്കുന്ന ഭാഗം ഉദാഹരണം.

ഭാഷാപ്രയോഗത്തിൽ വൃത്തിയും വെടിപ്പും വേണമെന്നുള്ളവർക്കു തികച്ചും ഒരു മുതൽക്കൂട്ടായിരിക്കും ഈ ഗ്രന്ഥം.

*(അവതാരികയിൽ നിന്ന്)*

*Chief Editor: Prof. Dr. Kurias Kumblakuzhy. Edited, printed and published by the Chief Editor for Pratichaya Publishing Trust, Kottayam. Printed at Mangalam Publications & Pvt. Ltd, Kottayam.*

# പ്രതിച്ഛായ

## രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക

**അഞ്ചാം വയസ്സിലേക്ക്**

പ്രാദേശിക ദേശീയ രാഷ്ട്രീയ ചലനങ്ങൾ
സത്യസന്ധതയോടെയും പ്രതിജ്ഞാബദ്ധതയോടെയും
വായനക്കാരിലേക്കെത്തിക്കുന്നു

സാംസ്കാരിക കേരളത്തിന്റെ ഉൾത്തുടിപ്പുകൾ
ഒപ്പിയെടുക്കുന്ന ലേഖനങ്ങൾ, പഠനങ്ങൾ

**തെറ്റും തിരുത്തും**
പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

**രാഷ്ട്രീയകേരളം**
സാബു ജോൺ

**വാരവിചാരണ**
ജെയ്സൺ ജോസ്

**കണ്ണിനും കണ്ണാടിക്കും**
എസ്. കൃഷ്ണദാസ്

**സിപ്പിയങ്കിളും കുട്ട്യോളും**
സിപ്പി പള്ളിപ്പുറം

**ഫ്ളാഷ് ബാക്ക്**
തേക്കിൻകാട് ജോസഫ്

**സുദർശനം**
കിളിരൂർ രാധാകൃഷ്ണൻ

എന്നീ പംക്തികൾക്കു പുറമെ
ബാലലോകം
രാഷ്ട്രീയ വാർത്തകൾ
ന്യൂസ് ഡയറി
എന്നിവയും

**വരുത്തുക വായിക്കുക പ്രബുദ്ധരാവുക**
*വാർഷിക വരിസംഖ്യ 500 രൂപ (തപാലിൽ മാത്രം)*

എല്ലാ ബുധനാഴ്ചയും കോട്ടയത്തു നിന്നു പ്രസിദ്ധീകരിക്കുന്നു
പ്രതിച്ഛായ, പാലസ് റോഡ്, കോട്ടയം – 686001, ഫോൺ: 0481 2564085